2023
APRIL
14
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

# വിലക്കയറ്റം 15 മാസത്തെ കുറഞ്ഞ നിരക്കിൽ; 5.66%

**ന്യൂഡൽഹി:** മാർച്ചിൽ രാജ്യത്തെ വിലക്കയറ്റത്തോത് കഴിഞ്ഞ 15 മാസത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 5.66 ശതമാനത്തിലെത്തി. ഫെബ്രുവരിയിലെ നാണ്യപ്പെരുപ്പ നിരക്ക് 6.44 ശതമാനമായിരുന്നു. 2 മാസത്തെ ഇടവേളയ്ക്കു ശേഷമാണ് റിസർവ് ബാങ്കിന്റെ സഹനപരിധിയായ 6 ശതമാനത്തിനു താഴെ നിരക്കെത്തുന്നത്. നിരക്ക് 4 ശതമാനത്തിന് അടുത്തെത്തിക്കുകയാണ് ആർബിഐയുടെ ലക്ഷ്യം.

നവംബർ, ഡിസംബർ മാസങ്ങളിൽ ഉപഭോക്തൃ വില സൂചിക (സിപിഐ) അടിസ്ഥാനമാക്കിയുള്ള നാണ്യപ്പെരുപ്പ നിരക്കിൽ കുറവുണ്ടായിരുന്നെങ്കിലും ജനുവരിയിലും ഫെബ്രുവരിയിലും ഇത് വീണ്ടും ഉയരുകയായിരുന്നു.ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട നിരക്ക് ഫെബ്രുവരിയിൽ 5.95% ആയിരുന്നത് മാർച്ചിൽ 4.79% ആയി കുറഞ്ഞു.



വിവിധ സേവനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വിലയിലുണ്ടായ കുറവാണ് ഇത്തവണ നിരക്കിൽ അയവു വരുത്തിയത്.

കേരളത്തിലെ വിലക്കയറ്റത്തോത് ഫെബ്രുവരിയിൽ 6.27% ആയിരുന്നത് മാർച്ചിൽ 5.76% ആയി കുറഞ്ഞു. ജനുവരിയിൽ 6.54 ശതമാനവും ഡിസംബറിൽ 5.92 ശതമാനവുമായിരുന്നു നിരക്ക്. നഗരമേഖലകളിലെ വിലക്കയറ്റം 5.45%, ഗ്രാമങ്ങളിലേത് 5.97%.

## വ്യവസായോൽപാദനത്തിൽ വളർച്ച; 5.6%

**ന്യൂഡൽഹി:** രാജ്യത്തെ വ്യവസായോൽപാദനം ഫെബ്രുവരിയിൽ 5.6 ശതമാനമായി ഉയർന്നു. ജനുവരിയിൽ 5.5 ശതമാനമായിരുന്നു. ഊർജം, ഖനനം, ഉൽപാദം എന്നീ രംഗങ്ങളിൽ ഉണർവുണ്ടായതാണ് വ്യാവസായോൽപാദനം ഉയർത്തിയത്. വ്യവസായോൽപാദന സൂചിക(ഐഐപി) പ്രകാരം 2022 ഫെബ്രുവരിയിലെ ഫാക്ടറി ഉൽപാദനം 1.2 ശതമാനം മാത്രമായിരുന്നു. ഉൽപാദന രംഗം മുൻവർഷം ഇതേകാലയളവിലെ 0.2 ശതമാനത്തിൽനിന്ന് 5.3 ശതമാനത്തിലേക്ക് ഉയർന്നു. ഖനന മേഖല മുൻ വർഷം ഇതേകാലയളവിലെ 4.6 ശതമാനത്തിൽ തന്നെ തുടരുന്നു. ഊർജോൽപാദനം 4.5 ശതമാനത്തിൽ നിന്ന് 8.2 ശതമാനമായും ഉയർന്നു. ഉപഭോക്തൃ ഉൽപന്ന രംഗത്തെ ഉൽപാദനം മുൻവർഷത്തേക്കാൾ നാലു ശതമാനം കുറവാണ്.



## കേരളത്തിന്റെ പുതിയ ഐടി നയം രണ്ടു മാസത്തിനകം

**ന്യൂഡൽഹി:** രണ്ടു മാസത്തിനകം കേരളം പുതിയ ഐടി നയം പ്രഖ്യാപിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡേറ്റ സയൻസ് അടക്കമുള്ള മേഖലകൾക്ക് ഊന്നൽ നൽകിയായിരിക്കും പുതിയ നയം.ഡൽഹിയിൽ നടന്ന സംസ്ഥാന ഐടി സെക്രട്ടറിമാരുടെ യോഗത്തിലാണ് കേരളത്തിന് വേണ്ടി ഐടി സെക്രട്ടറി രത്തൻ ഖേൽക്കർ ഇക്കാര്യം വ്യക്തമാക്കിയത്.

2017ലെ ഐടി നയമാണ് നിലവിലുള്ളത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള പുതുതലമുറ വിഷയങ്ങൾ ഇതിൽ കൈകാര്യം ചെയ്തിട്ടില്ല. നയം രൂപീകരിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും 45 മുതൽ 60 ദിവസത്തിനുള്ളിൽ ഇത് പ്രഖ്യാപിക്കുമെന്നും രത്തൻ ഖേൽക്കർ പറഞ്ഞു.സംസ്ഥാന സർക്കാരിന്റെ ഇ സേവനം പോർട്ടലിന്റെ കൂടുതൽ പരിഷ്കരിച്ച പതിപ്പ് ഒരു മാസത്തിനകം ലഭ്യമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതികളുമായി ബന്ധപ്പെട്ടായിരുന്നു യോഗം. ഡിജിറ്റലായി രേഖകൾ സൂക്ഷിക്കാനുള്ള ഡിജിലോക്കർ വ്യക്തികൾക്കു പുറമേ സ്ഥാപനങ്ങൾക്കു കൂടി നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാനങ്ങളിൽ നിന്ന് കേന്ദ്രം അഭിപ്രായം തേടി. മേയിൽ കേന്ദ്രം ഇതു സംബന്ധിച്ച മാർഗരേഖ പുറത്തിറക്കും.

## ടിസിഎസ് വരുമാനത്തിൽ 14.8 ശതമാനം വർധന

**ന്യൂഡൽഹി:** മാർച്ചിൽ അവസാനിച്ച നാലാം പാദത്തിൽ പ്രമുഖ ഐടി കമ്പനിയായ ടാറ്റ കൺസൽറ്റൻസി സർവീസസിന്റെ അറ്റ വരുമാനം 14.8 ശതമാനം വർധിച്ച് 11,392 കോടി രൂപയായി. മുൻവർഷം ഇതേ കാലയളവിൽ 9,926 കോടിയായിരുന്നു. മൊത്ത വരുമാനം 16.9 ശതമാനം കൂടി 59,162 കോടി രൂപയുമായി. കഴിഞ്ഞ സാമ്പത്തിക വർഷം മൊത്ത വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് 17.6 % കൂടി 2,25,458 കോടി രൂപയാണ്. അറ്റ വരുമാനം 10 % ഉയർന്ന് 42,147 കോടി.

കമ്പനി 2021,22ൽ 1.3 ലക്ഷം എക്സ്പീരിയൻസ്ഡ് ജീവനക്കാരെ റിക്രൂട്ട് ചെയ്തെങ്കിൽ കഴിഞ്ഞ വർഷമിത് 22,600 ആയി കുറഞ്ഞു. റിക്രൂട്ട്മെന്റിൽ 2015ന് ശേഷം ഏറ്റവും കുറഞ്ഞ നിരക്കാണിത്. ഫ്രഷേഴ്സിന്റെ റിക്രൂട്ട്മെന്റിലും കുറവുണ്ടായി. ഒരു ലക്ഷം പേരെയാണ് 2021,22ൽ എടുത്തതെങ്കിൽ 2022, 23ൽ ഇത് 44,000 ആയി കുറഞ്ഞു. മലയാളി രാജേഷ് ഗോപിനാഥനു പകരം ടിസിഎസ് സിഇഒ ആയി കെ.കൃതിവാസൻ ജൂൺ ഒന്നിനു സ്ഥാനമേൽക്കും.

## ഒരുലക്ഷം കുരങ്ങൻമാരെ ചൈനയിലേക്ക് കയറ്റുമതി ചെയ്യാൻ ശ്രീലങ്ക

**കൊളംബോ:** സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുന്ന ശ്രീലങ്ക ചൈനയിലേക്ക് ഒരു ലക്ഷം കുരങ്ങൻമാരെ കയറ്റുമതി ചെയ്യുന്നതു പരിഗണിക്കുന്നു. ശ്രീലങ്കയിലുള്ള ടോക് മക്കാക്ക് എന്ന വംശനാശ ഭീഷണി നേരിടുന്ന കുരങ്ങൻമാരെയാണു കയറ്റുമതി ചെയ്യുന്നത്. രാജ്യത്തെ 1000 മൃഗശാലകളിൽ വളർത്താനായി ഈയിനം കുരങ്ങന്മാരെ വേണമെന്ന് ചൈന ശ്രീലങ്കയോട് ആവശ്യപ്പെട്ടിരുന്നു. ശ്രീലങ്ക കൃഷിമന്ത്രി മഹിന്ദ അമരവീരയുടെ നേതൃത്വത്തിൽ ചർച്ച പുരോഗമിക്കുകയാണ്.

രാജ്യാന്തര മാനദണ്ഡ പ്രകാരം വംശനാശം നേരിടുന്നവയാണെങ്കിലും ടോക് മക്കാക്കുകളുടെ എണ്ണം ശ്രീലങ്കയിൽ 30 ലക്ഷത്തിനപ്പുറം കടന്നെന്നും ഇവ രാജ്യത്തെ കർഷകർക്ക് വലിയ ശല്യമുണ്ടാക്കുന്നുണ്ടെന്നുമാണ് ചർച്ചയിൽ ഉയരുന്ന പ്രധാനവാദം. ചുവപ്പു കലർന്ന ബ്രൗൺ നിറമുള്ള കുരങ്ങുകളാണു ടോക് മക്കാക്ക്. ശ്രീലങ്കയിലെ വിവിധ മേഖലകളിലായി സിനിക, ഓറിഫ്രോൺസ്, ഒപിസ്തോമേലസ് എന്നീ ഇനം കുരങ്ങൻമാരുമുണ്ട്.

## ക്ലീൻ ടെക് ചാലഞ്ച് പുരസ്കാരം 10 സ്റ്റാർട്ടപ്പുകൾക്ക്

**തിരുവനന്തപുരം:** ഹരിതോർജ സാങ്കേതിക വിദ്യകളുടെ വികസനത്തിന് ക്ലീൻ എനർജി ഇന്നവേഷൻ ബിസിനസ് ഇൻക്യുബേഷൻ സെന്റർ സംഘടിപ്പിച്ച ക്ലീൻ ടെക് ചാലഞ്ചിൽ 10 സ്റ്റാർട്ടപ് കമ്പനികളുടെ ആശയങ്ങൾക്ക് പുരസ്കാരം. ചാലഞ്ചിന്റെ ഭാഗമായി ലഭിച്ച 100 ആശയങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 10 എണ്ണത്തിനാണ് പുരസ്കാരം.

വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി പുരസ്കാരങ്ങൾ സമ്മാനിച്ചു. പുരസ്കാര ജേതാക്കൾ ഒരു വർഷത്തിനകം ഉപകരണങ്ങൾ നിർമിക്കണമെന്നാണ് വ്യവസ്ഥ. 10 മുതൽ 12 ലക്ഷം രൂപയുടെ ഗ്രാന്റ് ലഭിക്കും





## ഉള്ളിട്ട പുഞ്ചയിൽ നൂറുമേനി വിളയിച്ച് കർഷകർ

**കായംകുളം:** ഉള്ളിട്ട പുഞ്ചയിൽ പത്തിയൂർ പഞ്ചായത്തിലെ 300 ഏക്കറിൽ ചെയ്ത നെൽക്കൃഷിക്ക് മികച്ച വിളവ് ലഭിച്ചതിന്റെ ഉത്സാഹത്തിലാണ് കർഷകർ. 62കർഷകരുടെ കൂട്ടായിമയയിലാണ് പുഞ്ചയിൽ കൃഷിയിറക്കിയത്. കൊയ്ത്ത് ഉൽസവം പഞ്ചായത്ത് പ്രസിഡന്റ് എൽ.ഉഷ ഉദ്ഘാടനം ചെയ്തു. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ സഹായത്തോടെ ഇറക്കിയ കൃഷി അനുകൂല കാലാവസ്ഥയിൽ മികച്ച വിളവ് കൊടുത്തതായി കർഷകർ പറയുന്നു.

വിത്തും വളവും കൃഷിയിടം വൃത്തിയാക്കുന്നതിനുള്ള ധനസഹായവും കർഷകർക്ക് നൽകി. ഇടയ്ക്കിടെ പെയ്ത മഴ കൃഷിയെ സാരമായി ബാധിക്കുമെന്ന് ആശങ്കപ്പെട്ടുവെങ്കിലും അതിനെയെല്ലാം അതിജീവിച്ചാണ് നല്ല വിളവ് നേടിയിരിക്കുന്നത്. പത്തിയൂർ കൃഷി ഓഫിസിന്റെ ഇടപെടലും കർഷകർക്ക് സഹായമായി. ഉമ ഇനത്തിൽപ്പെട്ട വിത്താണ് വിതയ്ക്ക് ഉപയോഗിച്ചത്.

പത്തിയൂർ പഞ്ചായത്ത് നെല്ലുൽപാദക സമിതിയാണ് കൃഷിയ്ക്ക് മേൽനോട്ടം വഹിച്ചത്. വിളവെടുക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് ഏറ്റെടുക്കുകയാണ്.

മുൻകാലങ്ങളിൽ നെല്ല് കൃത്യസമയത്ത് ഏറ്റെടുക്കാത്തതിനാൽ കർഷകരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. ഇത്തവണ പുഞ്ചയിലെ നെല്ല് ഏറ്റെടുക്കുന്നതിൽ വീഴ്ച ഉണ്ടകരുതെന്ന് പത്തിയൂർ പഞ്ചായത്ത് നെല്ലുൽപാദക സമിതി പ്രസിഡന്റ് സാംജിത്ത്, സെക്രട്ടറി കെ.കെ. ജോണി എന്നിവർ ആവശ്യപ്പെട്ടു.

# തൊട്ടിയാർ ചെറുകിട ജല വൈദ്യുത പദ്ധതി ഒന്നാം ഘട്ടം ഉദ്ഘാടനം മേയിൽ



**അടിമാലി:** 14 വർഷങ്ങൾക്കു ശേഷം ഉദ്ഘാടനത്തിന് ഒരുങ്ങി തൊട്ടിയാർ ചെറുകിട ജല വൈദ്യുത പദ്ധതി ഒന്നാം ഘട്ടം. 40 മെഗാവാട്ട് ശേഷിയുള്ള നിലയത്തിൽ 10 മെഗാവാട്ടാണ് കമ്മിഷൻ ചെയ്യുന്നത്. 2009ൽ ആണ് പദ്ധതിക്ക് തുടക്കമിട്ടത്. ദേവിയാർ പുഴയുടെ ഭാഗമായ വാളറയ്ക്ക് സമീപം തൊട്ടിയാർ പദ്ധതി പ്രദേശത്ത് തടയണ നിർമിച്ച് പെരിയാറിന്റെ തീരത്ത് നീണ്ടപാറയിൽ നിർമിച്ചിട്ടുള്ള നിലയത്തിൽ വെള്ളം എത്തിച്ച് വൈദ്യുതി ഉൽപാദിപ്പിക്കും വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മേയ് പകുതിയോടെ ആദ്യ ഘട്ടം നാടിനു സമർപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

2009ൽ 207 കോടിക്കാണ് പദ്ധതിയുടെ കരാർ നടപടികൾ പൂർത്തിയാക്കിയത്. എന്നാൽ പണികൾ പാതിവഴിയിൽ എത്തുന്നതിനു മുൻപായി കരാർ റദ്ദാക്കി. തുടർന്ന് 2018ൽ എസ്റ്റിമേറ്റ് പുതുക്കിയ ശേഷം 280 കോടിക്ക് വീണ്ടും കരാർ നടപടികൾ പൂർത്തീകരിച്ചാണ് നിർമാണ ജോലികൾ അന്തിമ ഘട്ടത്തിലേക്ക് നീങ്ങുന്നത്. തൊട്ടിയാർ മുതൽ പത്താംമൈലിന് സമീപം വരെയുള്ള പുഴയുടെ ഇരു കരകളിലുമായി 10 ഹെക്ടറോളം ഭൂമിയാണ് പദ്ധതിക്കുവേണ്ടി വൈദ്യുതി വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. ഇതോടൊപ്പം വനം, റവന്യു വകുപ്പുകളിൽ നിന്ന് പദ്ധതിക്ക് ആവശ്യമായ ഭൂമിയും ഏറ്റെടുത്തിരുന്നു.

ദേവിയാർ പുഴയ്ക്കു കുറുകെ 222 മീറ്റർ നീളത്തിലാണ് തടയണ നിർമിച്ചിട്ടുള്ളത്. അനുബന്ധമായി 199 മീറ്റർ നീളത്തിൽ ടണലും 1,250 മീറ്റർ ദൂരത്തിൽ പെൻസ്റ്റോക്കും സ്ഥാപിച്ചിട്ടുണ്ട്. 2.05 മീറ്റർ ആണ് പെൻസ്റ്റോക്ക് പൈപ്പിന്റെ വ്യാസം. ആദ്യ ഘട്ടം ഉദ്ഘാടനത്തിനു പിന്നാലെ ജൂലൈ മാസത്തോടെ, ശേഷിക്കുന്ന 30 മെഗാവാട്ടിന്റെ ജനറേറ്റർ പ്രവർത്തന സജ്ജമാക്കാൻ കഴിയും വിധം നിർമാണ ജോലികൾ അന്തിമ ഘട്ടത്തിലാണ്.

40 മെഗാവാട്ടിനു പിന്നാലെ 30 മെഗാവാട്ട് ഉൽപാദന ശേഷിയുള്ള ജനറേറ്റർ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് വൈദ്യുത വകുപ്പ് തയാറാക്കിയിട്ടുണ്ട്. ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ദേവിയാർ പുഴയിലൂടെ ഒഴുകി എത്തുന്ന വെള്ളം പാഴാകാതെ പരമാവധി വൈദ്യുതി ഉൽപാദിപ്പിക്കാൻ ഇതോടെ സാധ്യമാകും.



## കിഴിവായി വൻതുക വേണമെന്ന് ആവശ്യം; വഴങ്ങാതെ കർഷകർ

എടത്വ: അമിത കിഴിവു ചോദിച്ചത് കർഷകർ കൊടുക്കാൻ തയാറാകാത്തതിനാൽ ഇടനിലക്കാർ നെല്ല് സംഭരിക്കാൻ തയാറായില്ലെന്ന് പരാതി. ഇതേ തുടർന്ന് കൊയ്തെടുത്ത നെല്ല് ഒരാഴ്ചയായി പാടത്ത് കൂട്ടി കർഷകർ കാവലിരിക്കുകയാണ്. മഴ കൂടി പെയ്യാൻ തുടങ്ങിയതോടെ കർഷകർ പ്രതിസന്ധിയിലാകുകയും ചെയ്തു. തലവടി കൃഷി ഭവൻ പരിധിയിൽ വരുന്ന വാഴക്കുഴിവേലി പാടത്ത് 32 ഏക്കറിലെ 600ൽ അധികം ക്വിന്റൽ നെല്ലാണ് പാടത്ത് വിവിധ ഭാഗങ്ങളിലായി കൂട്ടിയിട്ടിരിക്കുന്നത്.

നല്ല ഉണക്കു സമയത്തായിരുന്നു കൊയ്ത്ത് നടന്നത്. ഈർപ്പത്തിന്റെ അളവ് 17 ശതമാനം വരെ അനുവദനീയമാണ്. എന്നാൽ 10 ശതമാനം പോലും ഈർപ്പമോ പതിരോ ഇല്ലായിരുന്നു. എന്നിട്ടും 10 കിലോ വരെ കിഴിവ് ആവശ്യപ്പെടുകയായിരുന്നു എന്നാണ് പാടശേഖര സമിതി സെക്രട്ടറി പവിത്രൻ പറഞ്ഞത്.

വൈകുന്നേരങ്ങളിൽ പെയ്യുന്ന മഴ കാരണം എല്ലാ ദിവസവും പകൽ സമയങ്ങളിൽ തൊഴിലാളികളെ വച്ച് ഉണക്കി കൂട്ടുകയാണ്. ഇത് കർഷകർക്ക് ഇരട്ടി നഷ്ടം വരുത്തിവയ്ക്കുകയാണ്. സമീപ പാടശേഖരങ്ങളിൽ നിന്നു കൊയ്ത നെല്ല് ഇതിനോടകം സംഭരിച്ചു കഴിഞ്ഞു. കൂടുതൽ മഴ പെയ്യുകയും സംഭരണം നടക്കാതിരിക്കുകയും ചെയ്താൽ വൻ നഷ്ടമുണ്ടാകുമെന്ന ഭീതിയിലാണ് കർഷകർ. അടിയന്തര ഇടപെടൽ വേണമെന്നാണ് കർഷകരുടെ ആവശ്യം.

# പൂ കരിയൽ വ്യാപകം; കശുവണ്ടി കർഷകർക്ക് തിരിച്ചടി



**ചെറുതോണി :** ഉൽപാദനക്കുറവിനും വിലത്തകർച്ചയ്ക്കും ഒപ്പം പൂകരിയലും വ്യാപകമായതോടെ ജില്ലയിൽ കശുവണ്ടി കർഷകർ നിരാശയിലായി. സമീപ കാലത്ത് മലയോര മേഖലയിൽ കശുവണ്ടി കൃഷി വ്യാപകമായി ആരംഭിച്ചിരുന്നു. ഏതാനും വർഷങ്ങളായി കശുവണ്ടിക്ക് ഉയർന്ന വില ലഭിക്കുന്നതിനാൽ കർഷകർ പരമ്പരാഗത തോട്ടങ്ങൾക്കു പുറമേ ശാസ്ത്രീയ കൃഷി രീതിയും പരീക്ഷിച്ചിരുന്നു. റബറിന്റെ വിലയിടിവും കൊക്കോയുടെ ഉൽപാദനക്കുറവുമാണ് കർഷകരെ ഇതിനു പ്രേരിപ്പിച്ചത്.

മലയോര ഗ്രാമങ്ങളിൽ ഇത്തവണ നേരത്തേ കശുമാവുകൾ പൂത്തെങ്കിലും പൂകരിയൽ വ്യാപകമായതോടെ ഉൽപാദനം ഗണ്യമായി കുറഞ്ഞു. കാലാവസ്ഥാ വ്യതിയാനമാണ് പൂക്കൾ വിരിയും മുൻപേ കരിഞ്ഞുണങ്ങുന്നതിനു കാരണമെന്ന് വിദഗ്ധർ പറയുന്നു. പകലത്തെ അമിതചൂട് കശുവണ്ടിക്ക് തിരിച്ചടിയായി. വിളവെടുപ്പിന്റെ ഘട്ടത്തിൽ തുടർച്ചയായി പെയ്ത വേനൽമഴയും വിനയായി. വേനൽ മഴയിൽ കശുവണ്ടി നിറം മങ്ങി കറുത്തതിനാൽ പകുതി പോലും വില കിട്ടുന്നില്ലെന്നു പരാതിയുണ്ട്. ഇത്തരം കശുവണ്ടി വാങ്ങാൻ വ്യാപാരികൾക്ക് താൽപര്യവുമില്ല.

തുടക്കത്തിൽ നിറഞ്ഞു പൂത്തതിനാൽ ഏറെ പ്രതീക്ഷയോടെ വിളവെടുപ്പിനു കാത്തു നിന്നപ്പോഴാണ് കാലാവസ്ഥ ചതിച്ചത്. പിന്നാലെ വിലയിടിവും കൂടിയായതോടെ കൃഷി ഉപേക്ഷിക്കേണ്ട ഗതികേടിലാണ് കർഷകർ. നേരത്തേ കിലോയ്ക്ക് 114 രൂപയ്ക്ക് കശുവണ്ടി സംഭരിക്കുമെന്ന് സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നെങ്കിലും നടപടിയൊന്നുമുണ്ടായില്ല. നിലവിൽ 85 രൂപയാണ് ജില്ലയിലെ മാർക്കറ്റുകളിൽ ശരാശരി വില. 250 രൂപയെങ്കിലും തറവില നിശ്ചയിച്ച് കശുവണ്ടി സംഭരിച്ചാലേ പിടിച്ചുനിൽക്കാൻ കഴിയൂ എന്ന് കർഷകർ പറയുന്നു.

## ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ ചാലക്കുടിയിൽ പ്രവർത്തനമാരംഭിച്ചു

ജില്ലയിൽ നാഷണൽ ഹെൽത്ത് മിഷൻ നോർത്ത് ചാലക്കുടിയിൽ അനുവദിച്ച ആദ്യ ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ ടി.ജെ സനീഷ്കുമാർ ജോസഫ് ഉദ്ഘാടനം ചെയ്ത് നാടിന് സമർപ്പിച്ചു. ഇതോടെ നിലവിൽ വി.ആർ.പുരത്ത് പ്രവർത്തിക്കുന്ന അർബൻ കുടുംബാരോഗ്യ കേന്ദ്രം പോളിക്ലിനിക്കായി ഉയർത്തും.

ഇന്ത്യയിലെ തന്നെ മികച്ച താലൂക്ക് ആശുപത്രികളിൽ ഒന്നായി ചാലക്കുടി താലൂക്ക് ആശുപത്രി മാറിയെന്ന് എം എൽ എ പറഞ്ഞു. കൂടാതെ ജനങ്ങളുടെ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധയോടെ പ്രവർത്തിക്കുന്ന നഗരസഭയുടെ മാതൃക പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു. ചാലക്കുടി നിയോജകമണ്ഡത്തിൽ ആരോഗ്യ മേഖല കൈവരിച്ച വികസന നേട്ടങ്ങളേ കുറച്ചും എം എൽ എ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

ചാലക്കുടി നഗരസഭയിലെ പോട്ട, നോർത്ത് ചാലക്കുടി, പടിഞ്ഞാറെ ചാലക്കുടി എന്നീ മൂന്ന് സ്ഥലങ്ങളിലാണ് ജില്ലയിൽ ആദ്യ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നത്.

# വരുന്നൂ, കാറ്റുവീഴ്ചയെ ചെറുക്കുന്ന തെങ്ങിനം; വാർഷികവിളവ് 94 തേങ്ങ

വജ്ര ജൂബിലി ആഘോഷിക്കുന്ന വേളയിൽ സിപിസിആർ ഐ കായംകുളം പ്രാദേശിക കേന്ദ്രം കാറ്റുവീഴ്ചയെ ചെറുക്കാൻ ശേഷിയുള്ള നെടിയ തെങ്ങിനം പുറത്തിറക്കുന്നു. പേര് കൽപ വജ്ര.

കാറ്റുവീഴ്ചയുള്ള പ്രദേശങ്ങളിൽ ഈ രോഗത്തിന്റെ ലക്ഷണങ്ങളില്ലാത്തതും അത്യുൽപാദനശേഷിയുള്ളതുമായ പശ്ചിമതീര നെടിയ ഇനങ്ങൾ കാണാറുണ്ട്. ഇത്തരം തെങ്ങുകൾ തമ്മിൽ വർഗസങ്കരണം നടത്തിയാണ് കൽപ വജ്ര തയാറാക്കുന്നത്. 15 വർഷം പ്രായമാകുമ്പോൾ 5.6 മീറ്റർ ഉയരം ഉണ്ടാകും. ചൊട്ടയിടാൻ ഏകദേശം 6 വർഷമെടുക്കുന്ന ഇവയ്ക്കു ലക്ഷണമൊത്ത ആരോഗ്യമുള്ള തടിയും വൃത്താകൃതിയുമുള്ള തലപ്പുമായിരിക്കും. നാളികേരത്തിന് തവിട്ടും പച്ചയും കലർന്ന നിറവും ദീർഘവൃത്താകൃതിയുമാണ്. തൊണ്ടോടുകൂടിയ തേങ്ങ ഒന്നിന് 1350 ഗ്രാമും പൊതിച്ചതിന് 725 ഗ്രാമും തൂക്കം വരും. ഒരു തേങ്ങയിൽനിന്ന് 216 ഗ്രാം കൊപ്രയും 68% എണ്ണയും ലഭിക്കും. കരിക്കിൽ 370 മില്ലിലീറ്റർ ഇളനീരും കാമ്പിനു നല്ല മധുരവും സ്വാദും ഉണ്ടാവും. ശരാശരി വിളവ് വർഷത്തിൽ 80 നാളികേരം. നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തെ വിത്തുൽപാദന പ്രദർശനത്തോട്ടത്തിൽ 1996'98 കാലയളവിൽ നട്ട ഈ ഇനം തെങ്ങുകൾക്ക് പ്രതിവർഷം ശരാശരി 94 നാളികേരം ലഭിക്കുന്നു. ഇവയിൽ 20 ശതമാനത്തിൽ താഴെ തെങ്ങുകൾക്കു മാത്രമാണ് കാറ്റുവീഴ്ച ബാധിച്ചത്.



പശ്ചിമ തീര നെടിയ ഇനത്തിന്റെ ഏകദേശം 50 മാതൃവൃക്ഷങ്ങൾ സിപിസിആർഐയുടെ കായംകുളം പ്രാദേശിക കേന്ദ്രത്തിലുണ്ട്. ഇവയിൽനിന്ന് ഏകദേശം 1500 കൽപ വജ്ര തൈകൾ ഉൽപാദിപ്പിക്കാൻ കഴിഞ്ഞേക്കും. കൂടാതെ ആലപ്പുഴ ജില്ലയിലെ പത്തിയൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ ഓച്ചിറ പഞ്ചായത്തിലും കർഷകരുടെ സഹകരണത്തോടെ പശ്ചിമതീര നെടിയ ഇനങ്ങളുടെയും കൽപവജ്രയുടെയും ഗുണമേന്മയുള്ള തൈകൾ ഉൽപാദിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഏകദേശം 4000,4500 തൈകൾ കർഷക പങ്കാളിത്തത്തോടെ പ്രതിവർഷം ഉൽപാദിപ്പിക്കാമെന്നാണ് പ്രതീക്ഷ. കൽപവജ്ര വിത്തുതേങ്ങകൾ 2024 ജനുവരി ഏപ്രിൽ കാലയളവിൽ തയാറാകും. ഈ വിത്തുതേങ്ങകൾ നഴ്സറികളിൽ പാകി 2025 ഏപ്രിലോടെ തൈകൾ വിതരണം ചെയ്യാനാകും.



# സർവം വയലറ്റ് മയം; എന്നും പൂക്കൾ; അനായാസം നട്ടുപിടിപ്പിക്കാം

ഇടുക്കിയിലേക്ക് യാത്രചെയ്തിട്ടുള്ളവരിൽ കൗതുകം ജനിപ്പിക്കുന്നതാണ് വീട്ടുമുറ്റത്ത് നിറയെ വയലറ്റ് പൂക്കളുമായി നിൽക്കുന്ന കുറ്റിച്ചെടി. വളരെ അപൂർവം വീടുകളിൽ മാത്രമേ ഇന്ന് ഇടുക്കിയിൽ ഈ ചെടിയുടെ സാന്നിധ്യമില്ലാത്തതുള്ളൂ. ലളിതമായ പരിപാലനം മതിയെന്നതുകൊണ്ടുതന്നെ ഏതു കാലാവസ്ഥയിലും അനായാസം വളർത്തിയെടുക്കാവുന്ന ഈ ചെടിയുടെ പേര് മെലാസ്റ്റോമ. നമ്മുടെ നാട്ടിൽ കാണുന്ന കദളിയുടെ അലങ്കാര ഇനമാണിത്.

മൂന്നിഞ്ചോളം വലുപ്പമുള്ള പൂക്കളാണ് ഇവയുടെ ആകർഷക ഘടകം. ഇളം തണ്ടുകൾ നട്ട് പുതിയ ചെടികൾ ഉൽപാദിപ്പിക്കാം. എല്ലാത്തരം കാലാവസ്ഥയിലും വളരുമെങ്കിലും ഇടുക്കിയിലെ മിത ശീതോഷ്ണ കാലാവസ്ഥയാണ് ഇവയ്ക്ക് ഏറെ അനുയോജ്യം. അതിനാലാണ് അവിടങ്ങളിൽ മികച്ച രീതിയിൽ വളരുന്നത്. എന്നുകരുതി സമതലങ്ങളിലെ ഉഷ്ണ കാലാവസ്ഥയിൽ വളരാതിരിക്കില്ല. രാവിലത്തെ വെയിൽ ലഭിക്കത്തക്ക സ്ഥലത്ത് നടുന്നതാണ് അനുയോജ്യം. കടുത്ത വെയിലിൽ പൂക്കളും ഇലകളും ചുരുണ്ടുപോകുന്നതായി കാണാറുണ്ട്. വെട്ടി നിർത്തിയാൽ ഒരു കുറ്റിച്ചെടി



രീതിയിലും അല്ലെങ്കിൽ ചെറിയ മരം പോലെയും വളരും. വെട്ടിനിർത്തുന്നതാണ് കൂടുതൽ പൂവിടാൻ നല്ലത്.

# തൊട്ടാവാടി: നൈട്രജൻ ഏറ്റവും കൂടുതൽ മണ്ണിലെത്തിക്കുന്ന സസ്യം



നമ്മുടെ നാട്ടിൽ സർവസാധാരണമായി കാണുന്ന ഔഷധച്ചെടിയാണ് ലജ്ജാലു അഥവാ തൊട്ടാവാടി. തൊട്ടാലുടൻ ഇലകൾ കൂമ്പുന്നതിനാലാണ് ഈ പേരുകൾ വന്നത്. നിലത്തു പടർന്നു കിടക്കുന്ന തൊട്ടാവാടി രണ്ടു തരമുണ്ട്. വെള്ള പൂവുള്ളതും റോസ് പൂവുള്ളതും. ഇല കൂമ്പിയാൽ കുറച്ചു സമയം കഴി!ഞ്ഞാൽ മാത്രമേ ഉണർന്നുവരികയുള്ളൂ. വിത്തുകൾ വഴിയാണ് വംശവർധന. നൈട്രജൻ ഏറ്റവും കൂടുതൽ മണ്ണിലെത്തിക്കുന്ന സസ്യമാണിത്.

വേരും ഇലയും തണ്ടും സമൂലം ഔഷധങ്ങൾക്കായി ഉപയോഗിക്കുന്നു. ഗാലക്ടോസ്, മാന്നോസ്, ടാനിൻ എന്നീ രാസഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. മുറിവുണങ്ങാൻ ഇലകൾ ചതച്ചുവച്ചാൽ മതി. ഈ ഘടകങ്ങൾ ശ്വാസവൈഷമ്യം, വ്രണം, രക്തശുദ്ധി എന്നിവയ്ക്കുള്ള ഔഷധങ്ങളിൽ ചേർക്കുന്നു. സമൂലമാണ് ഔഷധ പ്രയോഗം. കുട്ടികളുടെ ശ്വാസവൈഷമ്യം, ആസ്മ, ബാഹ്യവസ്തുക്കളുടെ സാമീപ്യം മൂലമുള്ള ചൊറിച്ചി ൽ, ചർമരോഗങ്ങൾ, പ്രമേഹം എന്നിവയ്ക്ക് ഇതിന്റെ നീര് സ്ഥിരമായി കഴിച്ചാൽ കുറവുണ്ടാകും. ശരീരത്തിൽ മുറിവു പറ്റിയാൽ ഇലകൾ ചതച്ച് നീരോടെ തേച്ചു കൊടുക്കുന്നു.

രക്താർശസിനും ശുഭഭ്രംഗമുള്ള അർശസിനും ഔഷധമാണ്. സ്തനവളർച്ചയ്ക്ക് സമൂലം അരച്ചെടുത്ത് എണ്ണയിൽ കാച്ചിയെടുത്ത് ഉപയോഗിക്കുന്നതു ഫലപ്രദമെന്ന് പഴമക്കാർ പറയുന്നു. നടുവേദനയ്ക്കുള്ള കുഴമ്പുകളിൽ ചേരുവയാണ്. ഇളംചെടികൾകൊണ്ട് ചിലർ തോരനും ചമ്മന്തിയുമുണ്ടാക്കും.

ആടുകളുടെ പ്രധാന തീറ്റയാണ്. കന്നുകാലികളും തിന്നുന്നു. ഞരമ്പുകൾക്കും എല്ലുകൾക്കും ശക്തി കൂട്ടാൻ ഇത് കുത്തരിക്കൊപ്പം ചേർത്തു കഞ്ഞിവച്ചു കുടിച്ചാൽ മതിയെന്നാണ് മറ്റൊരു നാട്ടറിവ്. വിഷജന്തുക്കളുടെ കടിക്കും ആർത്തവസമയത്തെ അതിരക്തസ്രാവത്തിനും മറുമരുന്നാണെന്ന് ആയുർവേദം. ശാസ്ത്രനാമം മൈമോസപുഡിക്കാ.



## താപനില വർധിക്കുന്നു: കരുതണം അരുമകളെ

താപനില വർധന ഒട്ടും താങ്ങാൻ കഴിയുന്നവയല്ല നായ്ക്കളും പൂച്ചകളും പക്ഷികളുമൊക്കെ. അമിത നിരക്കിലുള്ള ശ്വാസോച്ഛ്വാസം, വരണ്ടതും പശപശപ്പുള്ളതുമായ മോണകൾ, മോണകളിലെ നിറവ്യത്യാസം, കരിനീലിപ്പ്, തളർച്ച, നടത്തത്തിൽ വേപ്പൽ, വിറയൽ അല്ലെങ്കിൽ കോച്ചിപ്പിടിത്തം മുതലായവ ചൂട് കൂടുന്നതു മൂലമുണ്ടാകുന്ന ഉഷ്ണസമ്മർദത്തിന്റെ ലക്ഷണങ്ങളാണ്. പക്ഷികളും മൃഗങ്ങളും മാനസിക, ശാരീരിക സമ്മർദങ്ങൾക്കടിപ്പെടുന്നതു മൂലം രോഗങ്ങളുമുണ്ടാവും (ഉദാ. മുയലുകളിലെ പാസ്ചുറെല്ലാ അണുബാധ). പൂച്ചകളിൽ നിർജലീകരണവും സമ്മർദവും മൂത്രതടസ്സത്തിനും വൃക്ക തകരാറിനും കാരണമാകാം.

ഓമന മൃഗങ്ങളുടെ ശരീര ഊഷ്മാവ് 39.4ഥ സെൽഷ്യസിനു മുകളിലേക്കു വന്നാൽ സൂക്ഷിക്കണം. ശുദ്ധമായ കുടിവെള്ളം മൃഗത്തിന് / പക്ഷിക്ക് ആവശ്യമുള്ളപ്പോൾ കുടിക്കാൻ പാകത്തിൽ കൂട്ടിൽ അല്ലെങ്കിൽ പ്രത്യേകമായി വയ്ക്കുക. തണലും വായുസഞ്ചാരവുമുള്ള സ്ഥലങ്ങളിൽ മൃഗങ്ങളെ നിർത്തുക/പാർപ്പിക്കുക. ടിൻ ഷീറ്റിനടിയിലും നേരിട്ടുള്ള സൂര്യപ്രകാശത്തിലും ഓമന മൃഗങ്ങളെ നിർത്താതിരിക്കുക. കാറിൽ യാത്ര ചെയ്യുമ്പോൾ വാഹനം നിർത്തിയിടേണ്ടിവന്നാൽ അരുമകൾ ഉള്ളിലുണ്ടെങ്കിൽ വാഹനം തണലിലിടുക. എസി പ്രവർത്തിപ്പിക്കുന്നതും നല്ലത്. 510 മിനിറ്റ് പോലും അടച്ച വാഹനത്തിനുള്ളിൽ കഴിയുന്നത് ഹീറ്റ് സ്ട്രോക്കിന് കാരണമാകാം. അന്തരീക്ഷ താപനില കുറഞ്ഞ സമയങ്ങളിൽ തീറ്റ കൊടുക്കുക. ചൂടു സമയങ്ങളിൽ വ്യായാമവും പരിശീലനവും ഒഴിവാക്കുക. പഗ്, ബോക്സർ, ബുൾഡോഗ് എന്നിങ്ങനെ മുഖം പതിഞ്ഞ ബ്രീഡുകൾക്കു ഹീറ്റ് സ്ട്രോക്ക് സാധ്യതയേറും.

## മൃഗസംരക്ഷണ വകുപ്പ് സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും നിരക്ക് വർധിപ്പിച്ചു

സർക്കാരിന്റെ അധികവിഭവ സമാഹരണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിലെ സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും നിരക്ക് വർധിപ്പിച്ച് ഉത്തരവായി. സർക്കാർ മൃഗാശുപത്രികളിൽ ഓമന മൃഗങ്ങൾക്ക് നൽകി വരുന്ന ഒപി റജിസ്ട്രേഷൻ ഫീസ് പത്തു രൂപയിൽ നിന്ന് 20 രൂപയാക്കി. ഓമന മൃഗങ്ങളുടെ മൈനർ സർജറി 75 രൂപ (പഴയ നിരക്ക് 50) , മേജർ സർജറിക്ക് 250 രൂപ (പഴയ നിരക്ക് 170 രൂപ) ആയും വർധിപ്പിച്ചു. എഡിസിപി വാക്സിനേഷൻ ചാർജ് ആയി ഈടാക്കിയിരുന്ന പത്തു രൂപ ഇനി മുതൽ സൗജന്യസേവനം ആയിരിക്കും. റേബീസ് ഫ്രീ സർട്ടിഫിക്കറ്റിന് 25 (പഴയ നിരക്ക് 20 രൂപ ) രൂപ നൽകണം. പുതുക്കിയ നിരക്കുകൾ ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വന്നു.

# ബേപ്പൂർ തുറമുഖത്തെ കപ്പൽച്ചാലിന് ആഴം കൂട്ടിയില്ല: ചരക്കുകപ്പലുകൾ കയ്യൊഴിഞ്ഞു



**ബേപ്പൂർ:** കപ്പൽച്ചാൽ ആഴം കൂട്ടാൻ നടപടി നീളുന്നതിനാൽ ബേപ്പൂർ തുറമുഖത്തിന്റെ വികസന സാധ്യതകൾക്കു മങ്ങൽ. ഒന്നര വർഷം മുൻപ് നിലച്ച കണ്ടെയ്നർ ചരക്കു കപ്പൽ സർവീസ് പുനരാരംഭിക്കാൻ ഇതുവരെ സാധ്യമായില്ല. കണ്ടെയ്നർ കപ്പലുകളുടെ വരവു നിലച്ചതോടെ തുറമുഖത്തെ റവന്യു വരുമാനം കുത്തനെ ഇടിഞ്ഞു.

കൊച്ചി ബേപ്പൂർ അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചു 2021 ജൂലൈ 4നാണു കണ്ടെയ്നർ കപ്പൽ സർവീസ് തുടങ്ങിയത്. സംസ്ഥാന സർക്കാർ നടപ്പാക്കിയ ഹരിത ചരക്ക് ഇടനാഴിയിൽ രാജ്യത്തെ മുൻനിര കപ്പൽ കമ്പനിയായ ജെഎംബക്സി ഗ്രൂപ്പിന്റെ ചൗഗുളെ 8 കപ്പലായിരുന്നു ബേപ്പൂരിലേക്ക് കണ്ടെയ്നറുകൾ എത്തിച്ചിരുന്നത്.

106 കണ്ടെയ്നറുകൾ കയറ്റാൻ ശേഷിയുള്ള കപ്പലാണു ചൗഗുളെ 8. എന്നാൽ മൈനർ തുറമുഖമായ ബേപ്പൂരിലെ കപ്പൽച്ചാൽ ആഴം കുറവായതിനാൽ ഒരു ട്രിപ്പിൽ 50ൽ താഴെ കണ്ടെയ്നറുകൾ മാത്രമായിരുന്നു എത്തിക്കാനായത്. കപ്പൽച്ചാൽ ആഴം കുറവായതിനാൽ വേലിയിറക്ക സമയത്ത് വാർഫിൽ അടുപ്പിക്കാൻ കഴിയാതെ കപ്പൽ പുറംകടലിൽ കാത്തു കിടക്കേണ്ട സ്ഥിതിയുണ്ടായി. ഇതു സമയഇന്ധന നഷ്ടം സൃഷ്ടിച്ചതിനൊപ്പം ഓരോ സർവീസിലും കപ്പൽ കമ്പനിക്കു വലിയ സാമ്പത്തിക ബാധ്യത വരുത്തി.

ഗുജറാത്ത് മുന്ദ്ര തുറമുഖത്തു നിന്നു വലിയ കപ്പലുകളിൽ കൊച്ചിയിൽ എത്തിക്കുന്ന കണ്ടെയ്നറുകൾ കൊച്ചിയിൽ നിന്നു ചൗഗുളെ കപ്പലിൽ കയറ്റിയായിരുന്നു ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ എത്തിച്ചത്.

ആവശ്യത്തിനു ചരക്ക് ലഭ്യമല്ലാത്ത സ്ഥിതി വന്നതോടെ സർവീസ് ലാഭകരമല്ലെന്നു കണ്ടാണ് കമ്പനി പിന്മാറിയത്.

കഷ്ടിച്ചു 6 മാസം സർവീസ് നടത്തിയെങ്കിലും തുറമുഖത്തു നിന്നു കയറ്റിക്കൊണ്ടു പോകുന്നതിനു വേണ്ടത്ര കണ്ടെയ്നർ ലഭിക്കാത്തതും സർക്കാർ പ്രഖ്യാപിച്ച ഇൻസെന്റീവ് സമയബന്ധിതമായി അനുവദിക്കാതിരുന്നതും ഷിപ്പിങ് കമ്പനിയെ പിന്നോട്ടടിപ്പിച്ചു.

2017ൽ ആണു ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ മാർഗമുള്ള ചരക്കു നീക്കം തുടങ്ങിയത്. നേരത്തെ തുറമുഖ വകുപ്പ് നൽകിയിരുന്ന ഇൻസെന്റീവിനെ ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്നു വ്യാപാരികൾ പിന്മാറിയതു കണ്ടെയ്നർ കപ്പലുകളുടെ സർവീസ് മുടങ്ങാൻ ഇടയാക്കിയിരുന്നു. പിന്നീട് ഇൻസെന്റീവ് പുതുക്കി സർക്കാർ ഉത്തരവ് ഇറക്കിയതോടെയാണു ഷിപ്പിങ് കമ്പനികൾ വീണ്ടും സർവീസിനു സന്നദ്ധരായത്.

കണ്ടെയ്നർ കപ്പലുകൾ എത്താത്തതിനാൽ കോടികൾ മുടക്കി വാങ്ങിയ തുറമുഖത്തെ കണ്ടെയ്നർ ഹാൻഡ്ലിങ് ക്രെയ്നും റീച്ച് സ്റ്റാക്കറുകളും നോക്കുകുത്തിയായി.

ആധുനിക യന്ത്ര സംവിധാനങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കു തുറമുഖ വകുപ്പിന് ലക്ഷങ്ങൾ ചെലവാകുന്ന സ്ഥിതിയാണ്.

# സംസ്ഥാനത്ത് 28 കോർസ് സ്റ്റേഷനുകൾ സ്ഥാപിച്ചു : മന്ത്രി കെ രാജൻ

**കൊല്ലം:** ഭൂമി വേഗത്തിൽ അളക്കാൻ കഴിയുന്ന ഡിജിറ്റൽ കോർസിന്റെ 28 സ്റ്റേഷനുകൾ സംസ്ഥാനത്ത് സ്ഥാപിച്ചതിലൂടെ റീസർവേ നടപടികൾ വേഗത്തിലാക്കാൻ കഴിഞ്ഞെന്ന് റവന്യൂ ഭവനനിർമാണ വകുപ്പ് മന്ത്രി കെ രാജൻ. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 44 ലക്ഷം രൂപ ചെലവിൽ നിർമിച്ച തൃക്കടവൂർ സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് ഓഫീസുകളാക്കാനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. ജില്ലയിൽ ഇതിനോടകം 41 വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകളായി മാറ്റിയെന്നും ഡിജിറ്റൽ റീസർവേ വരുന്നതോടെ ഡിജിറ്റൽ അതിർത്തി നിർണയിക്കുകയും ഭൂപ്രകൃതിയെ കൃത്യമായി അളന്നെടുക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി അധ്യക്ഷയായി. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ടെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതോടൊപ്പം അർഹരായ മുഴുവൻ പേർക്കും പട്ടയം ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. എം മുകേഷ് എം എൽ എ, ജില്ലാ കലക്ടർ അഫ്സാന പർവീൺ, അഞ്ചാലുംമൂട് കൗൺസിലർ എസ് സ്വർണമ്മ, എ ഡി എം ആർ ബീനറാണി തദ്ദേശ സ്വയംഭരണ സ്ഥാപന ഭാരവാഹികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



## എന്റെ കേരളം പ്രദർശന വിപണന മേള: സംഘാടക സമിതി ഓഫീസ് ഉദ്ഘാടനം ചെയ്തു

സംസ്ഥാനസർക്കാറിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേളയുടെ രണ്ടാം എഡിഷൻ ഇടുക്കി ജില്ലാ മേളയുടെ സ്വാഗത സംഘം ഓഫീസ് തുറന്നു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഓഫീസ് ഉദ്ഘാടനം ചെയ്തു. സർക്കാർ സേവനങ്ങളും വികസന പദ്ധതികളും ജനങ്ങളിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന വ്യാപകമായി എന്റെ കേരളം പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കാനും അവർക്ക് മികച്ച സേവനം നൽകാനും കഴിയുന്ന സ്റ്റാളുകൾ തയ്യാറാക്കാൻ എല്ലാ വകുപ്പുകളും ശ്രദ്ധിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

ചടങ്ങിൽ ആസൂത്രണ സമിതി ഉപാധ്യക്ഷൻ സി.വി വർഗീസ്, എ.ഡി.എം ഷൈജു പി ജേക്കബ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ജി. എസ് വിനോദ്, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജി ചന്ദ്രൻ, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് പോൾ, സി.പി ഐ ജില്ലാ സെക്രട്ടറി കെ. സലീംകുമാർ, സി.പി.ഐ മുൻ ജില്ലാ സെക്രട്ടറി കെ.കെ ശിവരാമൻ, ഷിജോ തടത്തിൽ, ജോസ് കുഴിക്കണ്ടം, പി.കെ ജയൻ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

ഉദ്ഘാടനത്തിന് മുന്നോടിയായി വ്യാപാരഭവനിൽ സംഘാടക സമിതി യോഗം ചേർന്ന് പ്രദർശനമേളയുടെ ഒരുക്കങ്ങൾ വിലയിരുത്തി.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനവും തൊഴിലും

**കൊച്ചി** :സംസ്ഥാന പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ഓട്ടോമൊബൈൽ മെക്കാനിക്കൽ ഐ.ടി.ഐ / ഡിപ്ലോമ/ ബി.ടെക് / കെ.ജി.സി.ഇ കഴിഞ്ഞവർക്കാണ് അവസരം. ഐ.ടി.ഐ ഫിറ്റർ കഴിഞ്ഞവരെയും പരിഗണിക്കും. 8 മാസം കാലാവധിയുള്ള കോഴ്സ് മെയ് മാസം തുടങ്ങും. താമസം ഭക്ഷണം/ സ്റ്റൈപ്പന്റ് എന്നിവയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻ.എസ്.ഡി.സി (NSDC )സർട്ടിഫിക്കറ്റും ജോലിയും ഉറപ്പാക്കും. എറണാകുളത്ത് പോപ്പുലർ മാരുതിയുടെ ട്രെയിനിങ് കോളേജിലാണ് പരിശീലനം നൽകുന്നതെന്നും അധികൃതർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9846019500 / 9995171177

## കക്കയത്ത് മണൽ വാരൽ തകൃതി, അധികൃതർ നടപടിയെടുക്കുന്നില്ല

**കൂരാച്ചുണ്ട്:** ജലസേചന വകുപ്പിന്റെ ചുമതലയിലുള്ള പെരുവണ്ണാമൂഴി റിസർവോയറിന്റെ ഭാഗമായ കക്കയം മേഖലയിൽ മണൽ വാരൽ തകൃതി; അധികൃതർ നടപടിയെടുക്കുന്നില്ലെന്നു പരാതി. കഴിഞ്ഞ ദിവസങ്ങളിൽ ലോഡുകണക്കിനു മണൽ റിസർവോയറിൽ നിന്നു വാരി വാഹനങ്ങളിൽ കയറ്റി അയച്ചിട്ടും നടപടിയില്ല.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിലുള്ള ഡാമിൽ ദിവസങ്ങളോളമായി തുടരുന്ന അനധികൃത മണൽവാരൽ അധികൃതർ കണ്ടില്ലെന്ന നിലപാടിലാണ്. കൂരാച്ചുണ്ട് പൊലീസും നടപടിയെടുക്കുന്നില്ല. അധികൃതരുടെ ഒത്താശയോടെയാണു നിയമലംഘനമെന്നും ആക്ഷേപമുണ്ട്. അധികൃതർ അടിയന്തരമായി ഇടപെട്ടു നിയമ നടപടി എടുക്കണമെന്ന ആവശ്യം ശക്തമായി.

## 500 തെരുവുമക്കൾക്ക് വിഷുക്കൈനീട്ടവുമായി ഫെയ്സ് ഫൗണ്ടേഷൻ

**കൊച്ചി:** പ്രൊഫ. എം കെ സാനു ചെയർമാനായി പ്രവർത്തിക്കുന്ന ഫെയ്സ് ഫൗണ്ടേഷൻ ഈ വർഷത്തെ വിഷുവിന് തെരുവോരങ്ങളിൽ അന്തി ഉറങ്ങുന്ന അഞ്ഞൂറോളം സാധുക്കൾക്ക് വിഷുക്കൈനീട്ടവും വിഷു സദ്യയും ഒരുക്കുന്നു. ഏപ്രിൽ 15 ന് ഉച്ചക്ക് 12 മണിക്ക് ഗാന്ധിനഗറിലെ ഫെയ്സ് ഊട്ടുപുരയിൽ നടക്കുന്ന ചടങ്ങ് മുൻ കേന്ദ്ര മന്ത്രി പ്രൊഫ: കെ.വി തോമസ് ഉദ്ഘാടനം ചെയ്യും.

## സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാകും: മന്ത്രി

റവന്യൂ വകുപ്പിന്റെ സേവനങ്ങൾ കുറ്റമറ്റ രീതിയിൽ കൂടുതൽ വേഗതയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളെയും സ്മാർട്ടാക്കുമെന്ന് മന്ത്രി കെ രാജൻ. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 44 ലക്ഷം രൂപ ചെലവിൽ നിർമിച്ച പള്ളിമൺ സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.
പി സി വിഷ്ണുനാഥ് എം എൽ എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി യശോദ, നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് ഗിരിജാകുമാരി, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം റോബോട്ടിക്സ് സർജറി കൊണ്ടുവരും:മന്ത്രി മന്ത്രി വീണാ ജോർജ്

**ആലപ്പുഴ :** ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് റോബോട്ടിക്സ് സർജറി കൊണ്ടുവരുമെന്ന് അരോഗ്യ മന്ത്രി വീണാ ജോർജ് . കേരളത്തിൽ റീജ്യണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും റോബോട്ടിക് സർജറി ആരംഭിക്കാൻ കഴിയും. അമ്പലപ്പുഴ അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. രാജ്യത്ത് എറ്റവും കൂടുതൽ സൗജന്യ ചികത്സാ നൽകുന്ന സംസ്ഥാനമാണ് കേരളം. അതിനായി ആയിരത്തി നാനൂറ് കോടി രൂപയാണ് സംസ്ഥാനം ചെലവഴിക്കുന്നത്. നവകേരളം കർമപദ്ധതി2 ന്റെ ഭാഗമായ ആർദ്രം മിഷന്റെ രണ്ടാം ഘട്ട പദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള വാർഷിക ആരോഗ്യ പരിശോധന നടത്തുന്നുണ്ട്. ഈ പദ്ധതിയിലൂടെ 30 വയസിന് മുകളിലുള്ള ഒരു കോടി അറുപത്തിയൊമ്പത് ആളുകളിൽ ഒരു കോടി പതിനൊന്നു ലക്ഷം പേരെ പരിശോധനയ്ക്ക് വിധേയമാക്കി.ഹെൽത്ത് സെന്റർ പരിസരത്ത് കൂടിയ യോഗത്തിൽ എം.എൽ.എ എച്ച് സലാം അധ്യക്ഷത വഹിച്ചു.എ. എം ആരിഫ് എം. പി. മുഖ്യാതിഥിയായി. സംസ്ഥാന സർക്കാരിന്റെ നവകേരള കർമ്മ പദ്ധതിയുടെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 37.5 ലക്ഷം രൂപ മുടക്കി നവീകരിച്ച ഒ പി കെട്ടിടത്തിന്റെയും ബ്ലോക് പഞ്ചായത്തിന്റെ ഹെൽത്ത് ഗ്രാന്റ് വിഹിതമായി 16 ലക്ഷം രൂപ അടങ്കലിൽ നവീകരിച്ച ലാബിന്റെയും ശീതികരിച്ച മോഡുലാർ ഫാർമസിയും ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പി. അഞ്ചു,ഗീത ബാബു,ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരായ ശോഭാ ബാലൻ,എസ് ഹാരിസ്, എ. എസ്.സുദർശൻ,പി.ജി.സൈറസ്, സജിത സതീശൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ജമുന വർഗീസ്,ഗവ ടി.ഡി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.ടി. കെ. സുമ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ. ആർ. രാധാകൃഷ്ണൻ,അർബൻ ഹെൽത്ത് ട്രെയിനിങ് സെന്റർ അഡ്മിനിസ്ട്രേറ്റിവ് മെഡിക്കൽ ഓഫീസർ ഡോ. വി.ജി. അനുപമ, ടി ഡി മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വൈസ് പ്രിൻസിപ്പാൾ ഡോ. ആർ.എസ്. നിഷ മറ്റ് ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. സി.എച്ച്.സി മുതുകുളത്തെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുന്നതിന്റെ ഉദ്ഘാടനവും തകഴി, നീലംപേരൂർ പി.എച്ച്.സികളുടെ പുതിയ കെട്ടിടത്തിൻരെ ശിലാസ്ഥാപനവും മന്ത്രി ഓൺലൈനായി നിർവഹിച്ചു.



# കൊച്ചി ലുലു മാളിൽ റംസാൻ മാർക്കറ്റ് ഒരുങ്ങി

കൊച്ചി : ഉപഭോക്താക്കൾക്കായി വിലക്കുറവിന്റെ റംസാൻ മാർക്കറ്റുമായി ലുലു. വേറിട്ട ആഘോഷപരിപാടികളാണ് മാളിൽ സംഘടിപ്പിച്ചിരിക്കുന്നത്.വിപുലമായ റംസാൻ ക്യാംപെയിനാണ് ഇത്തവണ ലുലു ഹൈപ്പർമാർക്കറ്റിൽ ഒരുക്കിയിരിക്കുന്നത്. റമദാൻ സ്പെഷ്യൽസുമായി ഹൈപ്പർ മാർക്കറ്റും, ലുലു ഫാഷൻ സ്റ്റോറും, ലുലു കണക്ടും റംസാൻ കാലയളവിൽ ഉപഭോക്താക്കൾക്ക് ലാഭകരമായ ഷോപ്പിംഗ് ഉറപ്പാക്കും. പലചരക്ക് സാധനങ്ങൾ, ഭക്ഷണ ഉൽപന്നങ്ങൾ, ഫ്രഷ് ഉൽപന്നങ്ങൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, വസ്ത്രങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് മികച്ച വിലക്കിഴിവുണ്ട്. ഹൈപ്പർമാർക്കറ്റിലെ റംസാൻ മാർക്കറ്റിനെ കൂടുതൽ ആകർഷകമാക്കി ലോകത്തെ നാൽപതോളം തരം ഇത്തപ്പഴങ്ങളുമായി ഈത്തപ്പഴ ഫെസറ്റും ആരംഭിച്ചു കഴിഞ്ഞു. മാംസ രുചികളുമായി റമദാൻ മീറ്റ് മാർക്കറ്റും സജീവമാണ്.ഇതിനപുറമെ പരമ്പരാഗത അറബിക് പലഹാരങ്ങൾ, നോമ്പുതുറ വിഭവങ്ങൾ, ലൈവ് ഇഫ്താർ കൗണ്ടർ, മധുര പലഹാരങ്ങളുടെ കോമ്പോ ബോക്സുകൾ തുടങ്ങിയവയും ഹൈപ്പർമാർക്കറ്റിലുണ്ടാകും. ഉപഭോക്താക്കൾക്ക് ഭക്ഷണ വിഭവങ്ങൾ വാങ്ങിയ ശേഷം അവിടെത്തന്നെ ഇരുന്ന് കഴിക്കാനും സാംസ്കാരിക പരിപാടികൾ ആസ്വദിക്കാനും സൗകര്യമുണ്ട്. കൊച്ചി മെട്രോ മുൻ എംഡി മുഹമ്മദ് ഹനീഷ് ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.



# ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണ രംഗത്തെ മുന്നണിപ്പോരാളികൾ

**കൊച്ചി:** മാലിന്യ സംസ്കരണ രംഗത്തെ മുന്നണി പ്പോരാളികളാണ് ഹരിതകർമ്മസേനാംഗങ്ങൾ എന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്. ക്ലീൻ തൃക്കാക്കര പദ്ധതിയുടെ ഭാഗമായി ഹരിത കർമ്മ സേനാംഗങ്ങൾക്കുവേണ്ടി സംഘടപ്പിച്ച ഏകദിന പരിശീലന ക്യാംപ് ഉദ്ഘാടനം ചെയ്ത് സംസാരിക്കു കയായിരുന്നു അദ്ദേഹം. ഈ ക്യാംപിൽ നിന്ന് ലഭിക്കുന്ന അറിവുകൾ ഹരിതകർമ്മ സേനാംഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. നമ്മുടെ നാടിനെ മാലിന്യ മുക്തമാക്കാൻ ഒറ്റക്കെട്ടായി അണിനിരന്ന് കഠിനാധ്വാനം ചെയ്യേണ്ടതുണ്ട്. ജില്ലാ ഭരണകൂടത്തിനും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമൊപ്പം പൊതുജനങ്ങളും ഈ ഉദ്യമത്തിൽ ആത്മാർത്ഥമായി പങ്കുചേരണമെന്നും മാലിന്യ സംസ്കരണം സുഗമമാക്കാനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന വിപുലമായ കർമ്മ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാവരും സഹകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.തൃക്കാക്കര നഗരസഭയുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനായി ക്രമീകരിച്ച ഹെൽപ് ഡെസ്ക് നമ്പർ ചടങ്ങിൽ ജില്ലാ കളക്ടർ പുറത്തിറക്കി. മാലിന്യ സംസ്കരണ ഉപാധികളുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും പരാതി പരിഹാരങ്ങൾക്കും നിയമവശങ്ങൾ അറിയുന്നതിനും ഹെൽപ് ഡെസ്ക് നമ്പറായ 8547966083 ൽ ബന്ധപ്പെടാം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. കാക്കനാട് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ തൃക്കാക്കര നഗരസഭാ ചെയർപേഴ്സൺ അജിത തങ്കപ്പൻ അധ്യക്ഷത വഹിച്ചു. നഗരസഭാ ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഉണ്ണി കാക്കനാട് പദ്ധതി വിശദീകരണം നടത്തി. നഗരസഭാ വൈസ് ചെയർമാൻ എ.എ. ഇബ്രാഹിംകുട്ടി, നവകേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുനീറ ഫിറോസ്, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സോമി റെജി, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ നൗഷാദ് പല്ലച്ചി, കൗൺസിലർമാരായ അബ്ദു ഷാന, പി.എം. യൂനിസ്, സുമ മോഹനൻ, അനിത ജയചന്ദ്രൻ, ഹസിന ഉമ്മർ, ഓമന സാബു, ഷിമി മുരളി, എം.ഒ വർഗീസ്, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺ സെറിൻ സേവ്യർ തുടങ്ങിയവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ കീഴിൽ തൃപ്പൂണിത്തുറ നഗരസഭാ പരിധിയിൽ പാലിയേറ്റീവ് പരിചരണം ആവശ്യമായ രോഗികൾക്ക് വീടുകളിൽ ചെന്ന് പരിചരണം ചെയ്യുന്നതിനായി പാലിയോറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം ഡ്രൈവർ സഹിതം കരാർ നൽകുന്നതിന് കരാർ ഏറ്റെടുക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 26 ന് വൈകിട്ട് നാലു വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842783495, 2777315.

## സ്റ്റാഫ് നഴ്സ് എം.ഐ.സി.യു: താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രി, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് സ്റ്റാഫ് നഴ്സ് എം.ഐ.സി.യു തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത ഗവ അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡിഗ്രി/ഡിപ്ലോമ, കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ, എം.. ഐ.സി.യു പ്രവൃത്തി പരിചയം. ഉയർന്ന പ്രായപരിധി 40 വയസ് (പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. താത്പര്യമുള്ള ഉദ്യോഗാർഥികൾ ഫോൺ നമ്പർ സഹിതമുള്ള ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത/ പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് ഴവലസാവ്യ@ഴാമശഹ.രീാ ഇമെയിലിലേക്ക് ഏപ്രിൽ 22ന് വൈകിട്ട് അഞ്ചിന് മുമ്പായി അയക്കണം. ഇമെയിൽ അയക്കുമ്പോൾ ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് സ്റ്റാഫ് നഴ്സ് ടു എം.ഐ.സി.യു എന്ന് ഇമെയിൽ സബ്ജക്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾ ഓഫീസിൽ നിന്നും ഫോൺ മുഖാന്തിരം അറിയിപ്പ് ലഭിക്കുമ്പോൾ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ ഒറിജിനൽ, തിരിച്ചറിയൽ രേഖകൾ എന്നിവയും അവയുടെ ഫോട്ടോകോപ്പിയും സഹിതം കോവിഡ് പ്രോട്ടോകോളിന് വിധേയമായി അഭിമുഖ പരിക്ഷയ്ക്ക് ഹാജരാകണം.

## ലാബ് ടെക്നീഷ്യൻ താത്കാലിക നിയമനം

കൊച്ചി:എറണാകുളം ജില്ലയിലെ നെട്ടൂർ എ യു ഡബ്യു എം ക്യാമ്പസിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിലേക്ക് എൻഎബിഎൽ (ചഅആഘ) മോളികുലർ ബയോളജി ലാബുകളിൽ ര് വർഷത്തെ പ്രവർത്തന പരിചയമുള്ള എം.എസ്.സി മൈക്രോബയോളജി പാസ്സായ ലാബ് ടെക്നീഷ്യനെ ആവശ്യമു്. എംപ്ലോയ്മന്റ് എക്സ്ചേഞ്ച് മുഖന നിയമനം നടക്കുന്നതു വരെയുള്ള കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യതയുടെയും, പരിചയസമ്പന്നതയുടെയും അസ്സൽ രേഖകൾ സഹിതം ഏപ്രിൽ 17ന് രാവിലെ 11 ന് നേരിട്ട് ഈ സ്ഥാപനത്തിൽ ഹാജരാകണം. വിലാസം സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആൻറ് അഗ്രി പ്രോഡക്ട്സ്, നെട്ടൂർ പി.ഒ, എറണാകുളം, 682040, ഫോൺ 0484 2960429

# സഹകരണ മേഖലയിൽ കുറ്റമറ്റ നിയമം അനിവാര്യം: മന്ത്രി വി.എൻ. വാസവൻ

**കൊച്ചി:** സഹകരണ മേഖലയുടെ കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ച് സമഗ്രമായ നിയമ ഭേദഗതി അനിവാര്യമാണെന്ന് സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ. പതിനഞ്ചാം കേരള നിയമസഭയുടെ 2022ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.മൂന്നാമത്തെ നിയമ ഭേദഗതിയാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. നിയമം നിലവിൽ വരുമ്പോൾ സഹകരണ മേഖല ഇത്രയും വിപുലമായിരുന്നില്ല. ഇന്ന് സംസ്ഥാനത്താകെ 29000 ത്തിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂന്ന് കോടിയിലധികം അംഗങ്ങളാണ് മേഖലയിലുള്ളത്. കേരള ജനസംഖ്യയുടെ 95% സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനം കടന്നുചെന്നിട്ടുണ്ട്. സഹകരണ മേഖല അതിവേഗം കുതിച്ചുയരുന്ന കാലഘട്ടത്തിൽ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകരമാകുന്ന നിയമ പരിരക്ഷയും സംരക്ഷണവും സുതാര്യതയും ഉറപ്പാക്കാൻ കഴിയണം. സഹകരണ മേഖലയിലെ ഒറ്റപ്പെട്ട ക്രമക്കേടുകൾ സാമാന്യവത്കരിച്ചു കൊണ്ടുള്ള പ്രചാരണം നടന്നിരുന്നു. ഇത്തരം സ്ഥിതി ആവർത്തിക്കരുത്. അതിന് കുറ്റമറ്റ നിയമം അനിവാര്യമാണ്. ഇതിനായുള്ള പരിശ്രമമാണ് നടത്തുന്നത്. 14 ജില്ലകളിലും സിറ്റിംഗ് നടത്തി പൊതുജനങ്ങൾ, ജനപ്രതിനിധികൾ, സഹകാരികൾ, സഹകരണ സംഘങ്ങളിലെ ജീവനക്കാർ, സഹകരണ സംഘങ്ങളിലെ ബോർഡ് അംഗങ്ങൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ആരായും. തുടർന്ന് സംസ്ഥാന തലത്തിൽ ശിൽപ്പശാല സംഘടിപ്പിക്കും. മറ്റു സംസ്ഥാനങ്ങളിലെ ഈ മേഖലയിലെ നിയമങ്ങളും പഠിക്കും. ഇതിനു ശേഷമാകും അന്തിമ ബിൽ അവതരിപ്പിക്കുകയെന്നും മന്ത്രി പറഞ്ഞു.മന്ത്രി വി.എൻ വാസവൻ ചെയർമാനായ സെലക്ട് കമ്മിറ്റി ഇടുക്കി, എറണാകുളം ജില്ലകളിൽ നിന്നുള്ളവരുടെ അഭിപ്രായമാണ് ചർച്ച ചെയ്തത്. കലൂർ എ.ജെ. ഹാളിൽ നടന്ന യോഗത്തിൽ ടി.ജെ. വിനോദ് എം.എൽ.എ, സെലക്ട് കമ്മിറ്റി അംഗങ്ങളായ കടകംപള്ളി സുരേന്ദ്രൻ, ഇ. ചന്ദ്രശേഖരൻ, കോവൂർ കുഞ്ഞുമോൻ, ശാന്തകുമാരി, കെ.കെ. രമ, വി.ആർ. സുനിൽകുമാർ, തോമസ് .കെ.തോമസ്, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി എന്നിവർ പങ്കെടുത്തു.



# ബിഎസ് 6 ഫേസ് 2 : ഇസുസു വാഹനങ്ങൾ നവീകരിക്കുന്നു

**കൊച്ചി :** പുതിയ ബിഎസ്6 ഫേസ് 2 എമിഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഇസുസു മോട്ടോഴ്സ് ഇന്ത്യ പിക്ക്അപ്പ് വാഹനങ്ങളും എസ്യുവികളും നവീകരിക്കുന്നു. ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ഹിൽ ഡിസന്റ് കൺട്രോൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ് എന്നിവയാണ് ഇസുസു ഡിമാക്സ് വിക്രോസ്സ് ഇസഡ് (4:2 എടി)വേരിയന്റിലെ പുതിയ സുരക്ഷാ ഫീച്ചറുകൾ. 'വലൻസിയ ഓറഞ്ച്' എന്ന പുതിയ നിറവും വാഹന ശ്രേണിയിൽ ചേർത്തിട്ടുണ്ട്. ഇസുസു ഡിമാക്സ് റെഗുലർ ക്യാബ്,എസ് ക്യാബ് മോഡലുകളിൽ ആക്റ്റീവ് സെലക്ടീവ് കാറ്റലിസ്റ്റ് റിഡക്ഷൻ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഒപ്റ്റിമൽ ട്രീറ്റ്മെന്റ് മാനേജ്മെന്റിനായുള്ള ഇലക്ട്രോണിക് നിയന്ത്രിത ഹോട്ട് ആൻഡ് കോൾഡ് എക്സ്ഹോസ്റ്റ് ഗ്യാസ് റീസർക്കുലേഷനുമുണ്ടെന്ന് ഇസുസു മേട്ടോഴ്സ് ഇന്ത്യയുടെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ടോറു കിഷിമേട്ടോ പറഞ്ഞു.വികസിച്ചുകൊണ്ടിരിക്കുന്ന ബിസിനസ്സുകളുടെയും വളർന്നുവരുന്ന നഗര ഉപഭോക്താക്കളുടെയും വാഹന പ്രേമികളുടെയും ആവശ്യങ്ങൾ നിറവേറ്റുതിനായി സജ്ജീകരിച്ചിരിക്കുന്ന തങ്ങളുടെ വാഹനങ്ങളുടെ പുതുക്കിയ ശ്രേണി അവതരിപ്പിക്കുന്നതിൽ സന്തുഷ്ടരാണെന്നും ടോറു കിഷിമേട്ടോ പറഞ്ഞു.




# ജനകീയ ജലബജറ്റ് : 17 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** രാജ്യത്താദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജനകീയ ജലബജറ്റ് തയ്യാറാക്കുന്നു. ആദ്യഘട്ടത്തിൽ 94 ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റിന്റെ പ്രകാശനം ഏപ്രിൽ 17ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തിരഞ്ഞെടുത്ത 15 ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തുകളിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ജലബജറ്റ് തയ്യാറാക്കിയത്.ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ജലബജറ്റ് ഏറ്റുവാങ്ങും. നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മറ്റ് വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തു സംഘടിപ്പിച്ചിട്ടുള്ള 'ഇനി ഞാനൊഴുകട്ടെ'മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാൽ വീണ്ടെടുപ്പുകൂടി ഉൾപ്പെടുത്തിയാണ് മൂന്നാംഘട്ടം ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിന്റെ മുന്നോടിയായി നടത്തിയ ജനകീയ മാപത്തോൺ മാപിംഗ് സംബന്ധിച്ച പുസ്തക പ്രകാശനവും ചടങ്ങിൽ നടക്കും.



## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ കീഴിൽ ഏരൂർ പാമ്പാടിത്താഴത്ത് പ്രവർത്തിക്കുന്ന പകൽ വീട്ടിലേക്ക് അന്തേവാസികളെ സുരക്ഷിതമായി അവരവരുടെ വീടുകളിൽ നിന്നോ അല്ലെങ്കിൽ നിശ്ചിത സ്ഥലത്ത് നിന്നോ പകൽ വീട്ടിലേക്ക് എത്തിക്കുന്നതിനും വാഹനം ഡ്രൈവർ സഹിതം കരാർ നൽകുന്നതിന് കരാർ ഏറ്റെടുക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 26 ന് വൈകിട്ട് നാലു വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842783495, 2777315.

## അപേക്ഷ ക്ഷണിച്ചു

കൊച്ചി: തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പ്രസവിക്കുന്ന അമ്മയെയും അവരുടെ കുഞ്ഞിനെയും സുരക്ഷിതമായി ഭവനങ്ങളിൽ എത്തിക്കുന്നതിന് ഗവ നിശ്ചയിച്ചിട്ടുള്ള തുകയിൽ വാഹനം ആശുപത്രിയിൽ ലിസ്റ്റ് ചെയ്യുന്ന പാനലിൽ ഉൾപ്പെടുത്തി ടേൺ അനുസരിച്ച് ഓടിക്കുന്നതിന് വാഹനം ഡ്രൈവർ സഹിതം നൽകുന്നതിന് താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 27 ന് വൈകിട്ട് മൂന്നു വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842783495, 2777315.

## ടെൻഡർ ക്ഷണിച്ചു

കൊച്ചി: തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ കീഴിൽ ഏരൂർ പാമ്പാടിത്താഴത്ത് പ്രവർത്തിക്കുന്ന പകൽ വീട്ടിലേക്ക് അന്തേവാസികൾക്ക് ഭക്ഷണം നൽകുവാൻ കരാർ ഏറ്റെടുക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 26 ന് വൈകിട്ട് നാലു വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842783495, 2777315.

## സ്റ്റാഫ് നഴ്സ്,കാത്ത് ലാബ്: താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രി, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് സ്റ്റാഫ് നഴ്സ് കാത്ത് ലാബ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത ഗവ അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡിഗ്രി/ഡിപ്ലോമ, കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ, കാത്ത് ലാബ് പ്രവൃത്തി പരിചയം. ഉയർന്ന പ്രായപരിധി 40 വയസ് (പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. താത്പര്യമുള്ള ഉദ്യോഗാർഥികൾ ഫോൺ നമ്പർ സഹിതമുള്ള ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത/ പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് ഴവലസാവൃ@ഴാമശഹ.രീാ ഇമെയിലിലേക്ക് ഏപ്രിൽ 22ന് വൈകിട്ട് അഞ്ചിന് മുമ്പായി അയക്കണം. ഇമെയിൽ അയക്കുമ്പോൾ ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് സ്റ്റാഫ് നഴ്സ് ടു കാത്ത് ലാബ് എന്ന് ഇമെയിൽ സബ്ജക്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾ ഓഫീസിൽ നിന്നും ഫോൺ മുഖാന്തിരം അറിയിപ്പ് ലഭിക്കുമ്പോൾ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ ഒറിജിനൽ, തിരിച്ചറിയൽ രേഖകൾ എന്നിവയും അവയുടെ ഫോട്ടോകോപ്പിയും സഹിതം കോവിഡ് പ്രോട്ടോകോളിന് വിധേയമായി അഭിമുഖ പരിക്ഷയ്ക്ക് ഹാജരാകണം.

# ലോഡ് കൃഷ്ണ സ്വർണനാണയങ്ങൾ അവതരിപ്പിച്ച് മുത്തൂറ്റ് റോയൽ ഗോൾഡ്



**കൊച്ചി:** എം മാത്യു മുത്തൂറ്റ് ഗ്രൂപ്പ് കമ്പനിയായ മുത്തൂറ്റ് റോയൽ ഗോൾഡ് വിഷുവിനോടനുബന്ധിച്ച് 24 കാരറ്റ് ലോർഡ് കൃഷ്ണ സ്വർണ നാണയങ്ങൾ അവതരിപ്പിച്ചു. ഗുരുവായൂരിൽ നടത്തിയ ചടങ്ങിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ ഡോ വി കെ വിജയനും മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിങ് ഡയറക്ടർ മാത്യു മുത്തൂറ്റും ചേർന്ന് നാണയങ്ങൾ പുറത്തിറക്കി. എംഎംഎഫ്എൽ സിഇഒ പി ഇ മത്തായി, തിരുവമ്പാടി ദേവസ്വം പ്രസിഡൻറ് ഡോ സുന്ദർ മേനോൻ, ഗുരുവയാൂർ ദേവസ്വം ബോർഡ് അംഗം സി മനോജ്, ഇൻകം ടാക്സ് ഓഫിസ് സീനിയർ അക്കൗണ്ടൻറ് കെ വിജയകുമാർ മേനോൻ, മുത്തൂറ്റ് റോയൽ ഗോൾഡ് അസോസ്സിയേറ്റ് വൈസ് പ്രസിഡൻറ് ജിസ്സൺ തോമസ്, എംഎംഎഫ്എൽ സോണൽ മാനേജർ സനൽ കുമാർ തുടങ്ങിയവർ സംബന്ധിച്ചു.ഇന്ത്യയുടെ പാരമ്പര്യവും സംസ്ക്കാരവും പ്രോൽസാഹിപ്പിക്കുന്നതിൽ തങ്ങൾക്കുള്ള പ്രതിബദ്ധതയാണ് ഈ നാണയങ്ങൾ പ്രതിനിധീകരിക്കുന്നതെന്ന് ഈ അവസരത്തിൽ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിങ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. മറ്റുള്ളവരുമായി പങ്കിടുന്ന സമ്പത്ത് സമൃദ്ധമായി വർദ്ധിക്കുമെന്നാണ് പരക്കെയുള്ള പ്രാദേശിക വിശ്വാസം. നാണയങ്ങളെയും കറൻസി നോട്ടുകളെയും ആദരിക്കുന്ന 'കൈനീട്ടം' എന്ന പാരമ്പര്യം വിഷു ആഘോഷിക്കുന്നു, ഈ നാണയങ്ങൾ പുറത്തിറക്കുന്നതിലൂടെ ഞങ്ങളുടെ ഉപഭോക്താക്കളുമായി ദൃഢബന്ധമുണ്ടാക്കുവാനും അവരുടെ വിലപ്പെട്ട സമ്പത്തായി അവ മാറുമെന്നും പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.വിഷുവിൻറെ ചൈതന്യം ആഘോഷിക്കുന്ന സവിശേഷവും വിലപ്പെട്ടതുമായ ഒരു ഉൽപ്പന്നം അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഉപഭോക്താക്കളുടെ വിശ്വാസത്തിൻറേയും സമൃദ്ധിയുടേയും പ്രതീകമായി ഈ നാണയങ്ങൾ നിലനിൽക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് സിഇഒ പി ഇ മത്തായി പറഞ്ഞു.രണ്ടു ഗ്രാം, ഒരു ഗ്രാം, അര ഗ്രാം എന്നീ തൂക്കത്തിലുള്ള സ്വർണ നാണയങ്ങളാണ് മുത്തൂറ്റ് റോയൽ ഗോൾഡ് പുറത്തിറക്കിയിട്ടുള്ളത്. അമ്പാടിക്കണ്ണൻ വെണ്ണ ആസ്വദിക്കുന്ന ത്രിമാന രൂപമാണ് നാണയത്തിലുള്ളത്. ആലിലയുടെ ആകൃതിയിൽ സുരക്ഷിതമായി പാക്കു ചെയ്ത രൂപത്തിലാണ് ഓരോ നാണയവും എത്തുന്നത്. മിനി മുത്തൂറ്റ് ഫിനാൻസിയേഴ്സിൻറെ അടുത്തുള്ള ശാഖയിലെത്തിയോ www.muthootturoyalgold.com സന്ദർശിച്ച് ഓൺലൈനായോ ഈ നാണയങ്ങൾ വാങ്ങാം.

# ഐപിഎൽ: കലൂർ സ്റ്റേഡിയത്തിൽ ജിയോ സിനിമയുടെ ഫാൻ പാർക്ക് ഏപ്രിൽ 16 ന്

**കൊച്ചി:** ക്രിക്കറ്റ് പ്രേമികൾക്കായി ടാറ്റ ഇന്ത്യൻ പ്രീമിയർ ലീഗിന്റെ ഡിജിറ്റൽ റൈറ്റ്സ് ഹോൾഡറായ ജിയോസിനിമ, 40 നഗരങ്ങളിലും പട്ടണങ്ങളിലും ടാറ്റ ഐപിഎൽ ഫാൻസ് പാർക്കുകൾ എത്തിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പ്രഖ്യാപിച്ചു.ഏപ്രിൽ 16ന്, എറണാകുളത്തെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ സ്റ്റേഡിയം ഗ്രൗണ്ടിൽ നടക്കുന്ന ടാറ്റ ഐപിഎൽ ഫാൻ പാർക്കിലേക്കിൽ, മുംബൈ ഇന്ത്യൻസ്കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് തത്സമയ സംപ്രേക്ഷണം, വൈകുന്നേരം 3:30 നും , പിന്നീട് ഗുജറാത്ത് ടൈറ്റൻസ് രാജസ്ഥാൻ റോയൽസ് എന്നിവ തത്സമയ കാണുന്നതിന് ജിയോസിനിമ അവസരമൊരുക്കും. ടാറ്റ ഐപിഎൽ ഫാൻ പാർക്ക് ഗേറ്റുകൾ ഉച്ചയ്ക്ക് 1:30 മുതൽ തുറക്കും.ടാറ്റ ഐപിഎൽ ഫാൻ പാർക്കുകളിലേക്കുള്ള ആക്സസ് സൗജന്യമായിരിക്കും കൂടാതെ വലിയ എൽഇഡി സ്ക്രീനുകളിൽ ജിയോസിനിമ ആപ്പ് വഴി ആരാധകർക്ക് ലൈവ് സ്ട്രീം ചെയ്യുന്ന ഗെയിമുകൾ ആസ്വദിക്കാനാകും. പ്രത്യേക ഫാമിലി സോൺ, കിഡ്സ് സോൺ, ഫുഡ് ആന്റ് ബിവറേജസ്, ജിയോസിനിമ എക്സ്പീരിയൻസ് സോൺ എന്നിവയുൾപ്പെടെ എല്ലാ പ്രായത്തിലുമുള്ള ആളുകൾക്ക് ആവേശകരമായ ഓഫറുകളുടെ ഒരു നിരയ്ക്കൊപ്പം ക്രിക്കറ്റ് ആസ്വദിക്കാനുള്ള മികച്ച അനുഭവമായിരിക്കും ഫാൻ പാർക്കുകൾ.ആരാധകരും കാഴ്ചക്കാരും അവരുടെ സൗകര്യത്തിനനുസരിച്ച് മികച്ച രീതിയിൽ ജിയോ സിനമ ആപ്പിലൂടെ ക്രിക്കറ്റ് ആസ്വാദനം തുടരുന്നുണ്ടെങ്കിലും, ഞങ്ങളുടെ ഓഫറുകൾ രാജ്യത്തുടനീളം സർവ്വവ്യാപിയാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു, അത് വീട്ടിലിരുന്നോ സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും പുറത്ത് നിന്നോ ആകട്ടെയെന്നും വയാകോം 18 വക്താവ് പറഞ്ഞു.

## വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷാഫലം പ്രഖ്യാപിച്ചു

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ തിരുവനന്തപുരം സെന്റർ 2022 സെപ്റ്റംബർ ബാച്ച് വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷാഫലം പ്രഖ്യാപിച്ചു. സിദ്ധാർത്ഥ് ജെ. ഒന്നാം റാങ്കിനും ഗൗരി ബി. രണ്ടാം റാങ്കിനും അരുൺകുമാർ പി.എസ് മൂന്നാം റാങ്കിനും അർഹരായി. ഒന്നാം റാങ്കിന് അർഹനായ സിദ്ധാർത്ഥ് ജെ. തിരുവനന്തപുരം പേരൂർക്കട ജോബി മന്ദിരത്തിൽ എ.എസ്.ജോബിയുടേയും എസ് സൂസന്റേയും മകനാണ്. രണ്ടാം റാങ്കിന് അർഹയായ ഗൗരി ബി. തിരുവനന്തപുരം വലിയവിള മണ്ണറത്തല ലെയിനിൽ ബാബുരാജ് വി.യുടേയും, ബിന്ദു എൽന്റേയും മകളാണ്. മൂന്നാം റാങ്കിന് അർഹനായ അരുൺകുമാർ പി.എസ് കൊല്ലം പുത്തൂർ പൊന്നിത്തേരിൽ വീട്ടിൽ വൈ. പദ്മകുമാറിന്റേയും എൽ. ശ്യാമളയുടേയും മകനാണ്. പരീക്ഷാഫലം അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org ൽ ലഭിക്കും.

# പുതിയ പരസ്യ ക്യാമ്പയ്നുമായി നെസ്ലെ മിൽക്കിബാർ




**കൊച്ചി:** അമ്മയുടെയും കുഞ്ഞിന്റെയും ജീവിതത്തിലെ പങ്കാളിത്തം എന്നെന്നും നിലനിർത്തുക എന്ന ഉദ്ദേശത്തോടെ മിൽക്കിബാർ തങ്ങളുടെ പുതിയ പരസ്യ പ്രചാരണത്തിന് തുടക്കം കുറിച്ചു. 'ഇമാജിൻ കരോ, കുച്ച് നയാ സീഖോ' എന്ന പേരിലുള്ള പുതിയ ക്യാമ്പയ്നിലൂടെ കുഞ്ഞിന്റെ മനസ്സിലെ ചിന്തകളെ ഉണർത്തുവാനും അവർക്ക് ദിവസേന പഠിക്കുവാനും പുതിയ കാര്യങ്ങൾ കണ്ടെത്തുവാനും വഴികാട്ടുകയും ചെയ്യുന്നു. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തെ സജീവമാക്കി, അമ്മയിൽ നിന്നും ലഭിക്കുന്ന ചെറിയ ഒരു പ്രോത്സാഹനം പോലും, കുഞ്ഞിനെ കളികളിലൂടെ കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ട് പോകുന്നതിലേക്ക് നയിക്കുന്നു എന്ന കാര്യം ഉയർത്തിക്കാട്ടുകയാണ് ഈ പ്രചാരണത്തിന്റെ മറ്റൊരു ലക്ഷ്യം. ടെലിവിഷനുകളിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ഒരുപോലെ പുതിയ പ്രചാരണം പുറത്തിറക്കുന്നതാണെന്ന് നെസ്‌ലെ കമ്പനി അധികൃതർ വ്യക്തമാക്കി.

# ഇന്ത്യയിൽ ലൂബ്രിക്കന്റ് നിർമ്മാണ പ്ലാന്റുമായി എക്സോൺമൊബിൽ



**കൊച്ചി:** മഹാരാഷ്ട്ര വ്യവസായ വികസന കോർപ്പറേഷന്റെ റായ്ഗഡിലുള്ള ഇസംബേ വ്യവസായ മേഖലയിൽ ഏകദേശം 900 കോടി രൂപ മുതൽമുടക്കിൽ ലൂബ്രിക്കന്റ് നിർമ്മാണ പ്ലാന്റ് സ്ഥാപിക്കാനൊരുങ്ങി എക്സോൺമൊബിൽ. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, വ്യവസായ മന്ത്രി ഉദയ് സാമന്ത്, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലാണ് കമ്പനി നിക്ഷേപ പ്രഖ്യാപനം നടത്തിയത്.2025ൽ പ്ലാന്റ് പ്രവർത്തന സജ്ജമാകുന്നതോടെ വ്യാവസായിക മേഖലകളായ മാനുഫാക്ചറിങ്, ഉരുക്ക്, ഊർജ്ജം, ഖനനം, നിർമ്മാണ മേഖലകൾക്കൊപ്പം യാത്രാ, വാണിജ്യ ആവശ്യങ്ങൾക്കായി വർഷം 159,000 കിലോലിറ്റർ ലൂബ്രിക്കന്റുകൾ നിർമ്മിക്കാൻ സാധിക്കുമെന്ന് കമ്പനി വൃത്തങ്ങൾ വ്യക്തമാക്കി.

# പ്രേക്ഷകരുടെ എണ്ണത്തിൽ റെക്കോർഡ് ഭേദിച്ചതായി ഡിസ്നി സ്റ്റാർ

**കൊച്ചി:** ടാറ്റാ ഐപിഎൽ 2023ന്റെ തുടക്കത്തിലെ പത്തു മൽസരങ്ങളിൽ 6230 കോടി മിനിറ്റുകൾ വീക്ഷിക്കപ്പെട്ടതായി ഔദ്യോഗിക ടെലിവിഷൻ പ്രക്ഷേപകരായ ഡിസ്നി സ്റ്റാർ വെളിപ്പെടുത്തി. ആദ്യ പത്തു മൽസരങ്ങളിലെ ആകെ 30.7 കോടി പ്രേക്ഷകരിലൂടെ മുൻ ഐപിഎൽ പതിപ്പിനെ അപേക്ഷിച്ച് 23 ശതമാനം കൂടുതൽ പ്രേക്ഷകരെയാണ് നേടിയിരിക്കുന്നത്. ടാറ്റാ ഐപിഎൽ 2023ന്റെ ഡിസ്നി സ്റ്റാർ പ്രക്ഷേപണത്തിനു ലഭിച്ച ആവേശകരമായ പ്രതികരണത്തിൽ തങ്ങൾക്ക് ആഹ്ലാദമുണ്ടെന്ന് ഡിസ്നി സ്റ്റാർ സ്പോർട്ട്സ് വിഭാഗം മേധാവി സൻജോഗ് ഗുപ്ത പറഞ്ഞു.

# കൊച്ചി വിമാനത്താവള പഞ്ചനക്ഷത്ര ഹോട്ടൽ ; താജ് സിയാൽ അടുത്തവർഷം

## താജ് ഗ്രൂപ്പ് 100 കോടി രൂപയുടെ നിക്ഷേപം നടത്തും



**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (സിയാൽ) പഞ്ചനക്ഷത്ര ഹോട്ടൽ പദ്ധതിയ്ക്ക് പുതിയ ഉണർവ്. താജ് ഗ്രൂപ്പുമായി ചേർന്നുള്ള താജ് സിയാൽ ഹോട്ടൽ അടുത്ത വർഷം പ്രവർത്തനം തുടങ്ങും. ഹോട്ടൽ നടത്തിപ്പിനുള്ള കരാർ ടാറ്റയുടെ ഉപകമ്പനിയായ ഇന്ത്യൻ ഹോട്ടൽ കമ്പനി ലിമിറ്റഡിന് (ഐ.എച്ച്.സി.എൽ) ലഭിച്ചു. താജ് ഗ്രൂപ്പിന്റെ ഉടമസ്ഥരാണ് ഐ.എച്ച്.സി.എൽ. ദേശീയ ടെൻഡറിലൂടെയാണ് സിയാൽ, ഹോട്ടൽ നടത്തിപ്പുകാരെ തിരഞ്ഞെടുത്തത്. ഹോട്ടലിന്റെ അനുബന്ധ സൗകര്യ വികസനത്തിനായി ഐ.എച്ച്.സി.എൽ 100 കോടി രൂപ നിക്ഷേപിക്കും. 2024 മധ്യത്തോടെ താജ് സിയാൽ പ്രവർത്തിച്ചു തുടങ്ങുമെന്നാണ് കരുതുന്നതെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് പറഞ്ഞു.കൊച്ചി വിമാനത്താവള ടെർമിനലുകൾക്ക് തൊട്ടടുത്തായി സിയാൽ പണികഴിപ്പിച്ചിട്ടുള്ള പഞ്ചനക്ഷത്ര ഹോട്ടലിൽ 112 മുറികളുണ്ട്. സിവിൽ ജോലികൾ ഏറെക്കുറെ പൂർത്തിയായി. താജ് ബ്രാൻഡിന്റെ നിലവാരം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളാണ് ഇനിയുള്ളത്. ഇതിനായി 100 കോടിയോളം രൂപ ഐ.എച്ച്.സി.എൽ മുടക്കും.15 മാസത്തിനുള്ളിൽ താജ് സിയാൽ ഹോട്ടൽ പ്രവർത്തനം . കരാർ പ്രകാരമുള്ള വരുമാനഭാഗം ഐ.എച്ച്.സി.എൽ സിയാലിന് നൽകും.ലോകത്തിലെ ഏറ്റവും പ്രശസ്തരായ ഹോട്ടൽ ഓപ്പറേറ്ററുമായി സഹകരിക്കാനായതിൽ അതിയായ സന്തോഷമുണ്ടെന്നും സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് പറഞ്ഞു. 'സിയാൽ താജ് സഹകരണം കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കും. വ്യോമയാന ഇതര വരുമാനം വർധിപ്പിക്കുന്നതിനുള്ള സിയാലിന്റെ പദ്ധതികളിൽ നിർണായക സ്ഥാനമാണ് പഞ്ചനക്ഷത്ര ഹോട്ടലിനുള്ളത്. ടാറ്റയുടെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ വമ്പൻ വികസനത്തിന് ഒരുങ്ങുകയാണ്. ടാറ്റയുടെ തന്നെ ഹോട്ടൽ ശൃംഖലയിൽ കൊച്ചി വിമാനത്താവളവും കണ്ണിയാകുന്നതോടെ വ്യോമയാനടൂറിസം മേഖലയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കപ്പെടും. സിയാലിന്റെ സ്വപ്ന പദ്ധതിയായ ഹോട്ടൽ പ്രോജക്ടിന്റെ ടെൻഡർ പ്രക്രിയ വൻ വിജയകരമാക്കിയതിൽ ചെയർമാന്റേയും ബോർഡ് അംഗങ്ങളുടേയും പങ്ക് വളരെ വലുതാണെന്നും സുഹാസ് കൂട്ടിച്ചേർത്തു. സിയാലിന്റെ പഞ്ചനക്ഷത്ര ഹോട്ടൽ കേരളത്തിലെ ഏറ്റവും മികച്ച ഹോട്ടലായി മാറുമെന്ന് ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ്‌വ്യക്തമാക്കി. പ്രവർത്തനത്തിലും നിർമാണത്തിലുമായി, 20 ഓളം പ്രൊജക്ടുകളാണ് കേരളത്തിൽ നിലവിൽ താജിനുള്ളത് . സിയാലിന്റെ പഞ്ചനക്ഷത്ര ഹോട്ടൽ പദ്ധതി കൊച്ചിയിലെ അഞ്ചാമത്തെ പ്രോജക്ടാണ്. മൂന്നാമത്തെ വലിയ പ്രോപ്പർട്ടിയും. കരാർ വ്യവസ്ഥകളനുസരിച്ച്, താജ് എന്ന ബ്രാൻഡ് സംസ്കാരം നിലനിർത്തികൊണ്ട് നിലവിലുള്ള ഘടനയിൽ അത്യാധുനിക സൗകര്യങ്ങൾ കൂട്ടിച്ചേർത്ത്, സിയാലിന്റെ പഞ്ചനക്ഷത്ര ഹോട്ടലിനെ കേരളത്തിലെ ഏറ്റവും മികച്ച ഹോട്ടലുകളിൽ ഒന്നാക്കി മാറ്റാൻ ഞങ്ങൾ പരമാവധി ശ്രമിക്കുമെന്നും താജ് അധികൃതർ വ്യക്തമാക്കി.സിയാലിന്റെ പഞ്ചനക്ഷത്ര ഹോട്ടൽ, വിമാനത്താവളത്തിന്റെ പ്രവേശന കവാടത്തിന് എതിർവശത്ത്, 4 ഏക്കർ സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ളത്. 2.04 ലക്ഷം ചതുരശ്ര അടിയാണ് വിസ്തീർണം. റസ്റ്റോറന്റ്, സർവീസ് ബാർ എന്നിവയുമുണ്ട്. ഒരു വശത്ത് വിമാനത്താവളവും മറുവശത്ത് മലനിരകളും ദൃശ്യമാകുന്ന രീതിയിൽ ഇരുവശങ്ങളിലേക്കുമായാണ് ഹോട്ടൽ മുറികൾ രൂപകല്പന ചെയ്തിട്ടുള്ളത്. വിമാനത്താവളത്തിന് അഭിമുഖമായി 440 ചതുരശ്ര മീറ്റർ പാർട്ടിഹാൾ, രണ്ട് ബോർഡ് റൂമുകൾ, വിമാനത്താവളത്തിന്റെ വിശാലമായ കാഴ്ച നൽകുന്ന ടെറസ് ഡൈനിംഗ് ഏരിയ എന്നിവയും ഹോട്ടലിന്റെ സവിശേഷതകളാണ്.രാജ്യത്തെ ആദ്യത്തെ ചാർട്ടേഡ് ഗേറ്റ്‌വേയായി സിയാലിന്റെ ബിസിനസ് ജെറ്റ് ടെർമിനൽ 2022 ഡിസംബറിൽ പ്രവർത്തനം തുടങ്ങിയിരുന്നു. 18ഹോൾ ഗോൾഫ് കോഴ്സ്, കൺവെൻഷൻ സെന്റർ എന്നിവയും സിയാലിനുണ്ട്. വ്യോമയാന ഇതര വരുമാന വർധിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികൾ കമ്പനി ആസൂത്രണം ചെയ്തിട്ടുണ്ട്.

# സൗജന്യ ലാപ്ടോപ്പ് വിതരണം



**കൊച്ചി:** 202122, 202223 അദ്ധ്യയന വർഷങ്ങളിൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്, ബി.എസ്.സി.അഗ്രികൾച്ചർ, വെറ്റിനറി സയൻസ്, ബി.എസ്.സി. ബി.എ.എം.എസ്, എം.എസ്.സി. ബി.എച്ച്.എം.എസ്. നഴ്സിംഗ് എന്നീ എം.സി.എ, എം.ബിഎ. നഴ്സിംഗ്, പ്രൊഫഷണൽ കോഴ്സുകൾക്ക് ദേശീയ, സംസ്ഥാന തലത്തിൽ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെരിറ്റിൽ അഡ്മിഷൻ ലഭിച്ച് പഠിച്ചു കൊണ്ടിരിക്കുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവാംഗങ്ങളായ തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനും അതോടൊപ്പം സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 202324 അദ്ധ്യയന വർഷത്തിൽ ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ പഠന കിറ്റ് വിതരണം ചെയ്യുന്നതിനും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 30. അപേക്ഷയും മറ്റ് വിശദ വിവരങ്ങളും എല്ലാ ജില്ലാ ഓഫീസുകളിലും, ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **kmtwwfb.org**.യിലും ലഭിക്കുന്നതാണ്.




# വിഷുക്കൈനീട്ടവുമായി കൊച്ചി മെട്രോ; ഗ്രൂപ്പ് ടിക്കറ്റുകൾക്ക് പ്രത്യേക നിരക്ക്

## 50 പേരിലധികമുള്ള ഗ്രൂപ്പ് ബുക്കിംഗുകൾക്ക് മാക്സിമം ടിക്കറ്റ് നിരക്കായ 60 രൂപയിൽ നിന്ന് 25 ശതമാനം ഇളവ് ലഭിക്കും



**കൊച്ചി:** യാത്രക്കാർക്ക് വിഷുക്കൈ നീട്ടവുമായി കൊച്ചി മെട്രോ.100 പേരിലധികമുള്ള ഗ്രൂപ്പുകൾക്ക് 50 ശതമാനം ഇളവ്.സ്കൂളുകളെയും, കോളേജുകളെയും, വിനോദസഞ്ചാരികളെയും ഉൾപ്പെടെ കൊച്ചി മെട്രോയിലേക്ക് ആകർഷിക്കുന്നതിനായാണ് കൊച്ചി മെട്രോ ഗ്രൂപ്പ് ടിക്കറ്റുകൾക്ക് ഇളവ് ഏർപ്പെടുത്തുന്നത്. 50 പേരിലധികമുള്ള ഗ്രൂപ്പ് ബുക്കിംഗുകൾക്ക് മാക്സിമം ടിക്കറ്റ് നിരക്കായ 60 രൂപയിൽ നിന്ന് 25 ശതമാനം ഇളവ് ലഭിക്കും. ഏത് സ്റ്റേഷൻ മുതൽ ഏത് സ്റ്റേഷൻ വരെയും യാത്ര ചെയ്യാവുന്ന സിംഗിൾ ജേർണി ടിക്കറ്റിന് ഇത് പ്രകാരം 45 രൂപയായിരിക്കും നിരക്ക്. 100 പേരിലധികമുള്ള ഗ്രൂപ്പുകൾക്ക് സിംഗിൾ ജേർണി ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ 50 ശതമാനം ഇളവ് ലഭിക്കും. അതായത് നൂറ് പേരടങ്ങുന്ന ഗ്രൂപ്പിന് ഒരു ടിക്കറ്റിന് 30 രൂപയായിരിക്കും നിരക്ക്. ഗ്രൂപ്പ് ടിക്കറ്റ് യാത്രയ്ക്ക് ഒരു ദിവസം മുൻപെങ്കിലും ബുക്ക് ചെയ്യേണ്ടതാണ്. ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനായി കൊച്ചി മെട്രോയുടെ വെബ്സൈറ്റിൽ ട്രാവൽ ഇൻഫർമേഷൻ എന്ന ടാബിന് കീഴിലെ ഗ്രൂപ്പ് ബുക്കിംഗ് ലിംങ്കിൽ നൽകിയിരിക്കുന്ന ഫോം ഫിൽ ചെയ്യേണ്ടതാണെന്ന് കെഎംആർഎൽ അധികൃതർ അറിയിച്ചു

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com